കേരളാ ടൈംസ്

ഓണം 2025 പ്രത്യേക സപ്ലിമെന്റ്

SEPTEMBER 2025 ● WWW.KERALATIMES.COM ● news@keralatimes.com

"ഓണത്തിന്റെ സൗഹൃദ സന്ദേശം"



"കേരളീയരുടെ ജീവിതത്തിൽ അതുല്യമായ പ്രാധാന്യമുള്ള ഉത്സവമാണ് ഓണം. മഹാബലിയുടെ കാലത്തെ നീതിയുടെയും സമത്വത്തിന്റെയും സമൃദ്ധിയുടെയും ഓർമ്മയായി, സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സഹജീവിതത്തിന്റെയും പ്രതീകമായി, മലയാളികളുടെ മനസ്സിൽ ഓണം എന്നും വിശേഷപ്പെടുന്നു. മതജാതി ഭേദമില്ലാതെ ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിപ്പിക്കുന്ന മഹോത്സവമാണിത്.

ഓണത്തിന്റെ മഹത്തായ സന്ദേശം സ്നേഹം, ഐക്യം, സമാധാനം എന്നിവയാണ്. ഇന്നത്തെ ലോകത്ത്, വിഭജനങ്ങളും സംഘർഷങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ, ഓണത്തിന്റെ യഥാർത്ഥ ആത്മാവിനെ ജീവിതത്തിൽ നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വീടുകളും സമൂഹവും ഒരുമിച്ചു ചിരിയിലും സന്തോഷത്തിലും നിറയുമ്പോഴാണ് മാവേലിക്കാലത്തിന്റെ സ്മരണകൾ യഥാർത്ഥത്തിൽ അർത്ഥവത്താകുന്നത്.

കേരള ടൈംസ് എന്നും സമൂഹത്തിന്റെ ശബ്ദവും പ്രവാസി മലയാളികളുടെ വിശ്വസ്ത കൂട്ടുകാരനും ആകുന്നു. ഈ അവസരത്തിൽ, കേരള ടൈംസിന്റെ എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേരുന്നു. നിങ്ങളുടെ വീടുകളിലും ഹൃദയങ്ങളിലും സമൃദ്ധിയും സമാധാനവും സന്തോഷവും നിറഞ്ഞിരിക്കട്ടെ. ഓണത്തിന്റെ ആഘോഷം നമ്മെ കൂടുതൽ അടുത്ത് കൂട്ടുകയും സൗഹൃദത്തിന്റെയും സഹജീവിതത്തിന്റെയും പാലങ്ങൾ പണിയുകയും ചെയ്യട്ടെ.

കേരള ടൈംസിന്റെ എല്ലാ വായനക്കാരും കുടുംബാംഗങ്ങളും സന്തോഷകരവും അനുഗ്രഹീതവുമായ ഒരു ഓണം ആഘോഷിക്കട്ടെ എന്ന് ഹൃദയം നിറഞ്ഞ പ്രാർത്ഥന.

സ്നേഹത്തോടെ,

പോൾ കറുകപ്പിള്ളിൽ
(കേരളാ ടൈംസ് മാനേജിംഗ് എഡിറ്റർ)

ഒരുമയും സന്തോഷവും പകരുന്ന ഓണക്കാലം

കേരളത്തിന്റെ ഹൃദയത്തോട് ചേർന്ന്, മലയാളികളുടെ മനസ്സിൽ അനശ്വരമായി വിരിഞ്ഞു നിൽക്കുന്ന മഹോത്സവമാണ് ഓണം. മഹാബലി രാജാവിന്റെ ഭരണകാ ലത്തെ സമത്വവും സൗഹൃദവും ഓർമ്മി പ്പിക്കുന്ന ഈ മഹോത്സവം, കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ പൈതൃകത്തിന്റെ പ്രതീകമാണ്. ദേശത്തും പ്രവാസജീവിതത്തിലും കഴിയുന്ന മലയാളി കളുടെ ഹൃദയങ്ങളിൽ ഒരുപോലെ ആവേ ശവും സന്തോഷവും നിറയ്ക്കുന്ന ആഘോ ഷമാണ് ഓണം.

പൂക്കളവും, തിരുവോണപ്പുലരിയും, ഓണപ്പാ ട്ടുകളും, ഓണസദ്യയുടെ രുചികളും — ഇവയെല്ലാം കൂടി ഒരുമിച്ച് ചേർന്നപ്പോൾ, മറക്കാനാവാത്തൊരു ഐക്യത്തിന്റെയും സന്തോഷത്തിന്റെയും കാലഘട്ടം സൃഷ്ടി ക്കുന്നു. പൂക്കളത്തിൽ വിരിയുന്ന പൂവിൻ മണമേറി, വീടിന്റെ മുന്നിൽ ഓണപ്പൂ ക്കളവുമായി സന്തോഷത്തോടെ നിറഞ്ഞു കളിക്കുന്ന കുഞ്ഞുങ്ങളുടെ മുഖത്തിലെ പുഞ്ചിരി, നാട്ടിൻപുറങ്ങളിലെ കലാവി രുന്നു കളും വള്ളംകളിയുടെ ആവേശകരമായ വിളികളുമൊക്കെ മലയാളിയുടെ ഓർമ്മ കളിൽ എന്നും കൊത്തിയിടുന്ന മനോഹര ദൃശ്യങ്ങളാണ്.

ഓണം വെറും ഒരു ഉത്സവമല്ല, അത് മലയാളികളുടെ സംസ്കാരവും ഐക്യവും ലോകത്തിനു മുന്നിൽ വിളിച്ചോതുന്ന മഹത്തായ സന്ദേശമാണ്. ഒരേ സദ്യപ്പന്തിയിൽ എല്ലാവരും ഒന്നിച്ച് ഇരുന്ന് ആഹാരം പങ്കിടുന്ന പതിവ്, മതമോ ജാതിയോ ഭേദമില്ലാതെ നമ്മെ ഒരുമിപ്പിക്കുന്ന മഹത്തായൊരു ചിന്തയാണ്. സഹോദര്യവും സൗഹൃദവും നിറഞ്ഞ ആ സദ്യപ്പന്തിയിൽ, 'നമ്മൾ എല്ലാം ഒരേ കുടുംബമാണ്' എന്ന മഹത്തായ ആശയം ജീവിത സത്യമായി മാറുന്നു.

പ്രവാസജീവിതത്തിന്റെ തിരക്കിനിടയിലും, ഓണം കുടുംബങ്ങളെ ഒന്നിപ്പിക്കുന്നു. നാട്ടിലെ വഴികളിൽ നിറഞ്ഞുനിന്നിരുന്ന ഓണച്ചന്തകളും, ചെറുപ്രായത്തിൽ കളിച്ച ഓണക്കളികളും, മാതാപിതാക്കളോടൊപ്പം കഴിച്ച സദ്യകളും — എല്ലാം പ്രവാസി മലയാളിയുടെ മനസ്സിൽ ഓർമ്മകളായി നിറഞ്ഞുനിൽക്കുന്നു. തിരുവോണപ്പുലരി പ്രവാസികൾക്ക് സ്വന്തം നാട്ടിലെ പുലരിയെപ്പോലെ തന്നെ ഹൃദയത്തെ സ്പർശിക്കുന്ന നിമിഷമാണ്. നാട്ടിൽ നിന്ന് അകലെയായാലും, ഓണം മലയാളിയെ തന്റെ ജന്മഭൂമിയുമായി ആത്മീയമായി ബന്ധിപ്പിക്കുന്നു.

ഓണം നമ്മെ പഠിപ്പിക്കുന്ന വലിയൊരു പാഠമുണ്ട്: സ്നേഹവും ഐക്യവും പങ്കിടലും. തലമുറകൾക്കിടയിൽ ബന്ധം വളർത്തുകയും കുട്ടികളിൽ സംസ്കാരത്തിന്റെ വിത്തുകൾ വിതറുകയും ചെയ്യുന്ന വലിയൊരു അവസരമാണ് ഈ ഉത്സവം. കുട്ടികൾക്ക് കളിയുടെ സന്തോഷവും, യുവാക്കൾക്ക് കലാപരിപാടികളുടെ ആവേശവും, മുതിർന്നവർക്ക് പഴയ ഓർമ്മകളുടെ മധുരവും — എല്ലാം കൂടി ഒരുമിച്ച് ആഘോഷിക്കപ്പെടുന്നൊരു ജീവിതോത്സ വമാണ് ഓണം.

ഈ ഓണം, നമ്മുടെ ജീവിതങ്ങളിൽ സമാധാനവും സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടെ. കുടുംബങ്ങൾ തമ്മിൽ സൗഹൃദവും സഹകരണവും വർധിപ്പിച്ച്, ഓരോ വീടുകളിലും സ്നേഹത്തിന്റെ വിളക്കു തെളിയിക്കട്ടെ. മഹാബലിയുടെ കാലത്തെപ്പോലെ, ഒരാൾക്കും കുറവൊന്നുമില്ലാത്ത സമത്വവും സന്തോഷവും നിറഞ്ഞ ലോകം, നമ്മുടെ ജീവിതത്തിലും സമൂഹത്തിലും സാക്ഷാത്കരിക്കപ്പെടട്ടെ.

കേരളത്തിന്റെ ഈ മഹോത്സവം, ലോകമെമ്പാടുമുള്ള മലയാളികളുടെ സംസ്കാരത്തിന്റെ പ്രതീകമായി എന്നും നിലനിൽക്കട്ടെ. ഓണം നമ്മെ ഒന്നിപ്പിക്കുകയും, ഭാവിക്കായി പ്രത്യാശ നിറയ്ക്കുകയും ചെയ്യുന്ന മഹോത്സവമായി എന്നും ആഘോഷിക്കപ്പെടട്ടെ.

എല്ലാവർക്കും സമാധാനവും ഐക്യവും നിറഞ്ഞ, പുതുവൈഭവം സമ്മാനിക്കുന്നൊരു ഓണകാലം ആശംസിക്കുന്നു.

കേരളാ ടൈംസിന്റെ എല്ലാ വായനക്കാർക്കും പ്രതീക്ഷയുടെ ഓണക്കാലം ആശംസിക്കുന്നു.



ലത പോൾ കറുകപ്പിള്ളിൽ

നാട്ടിലും സദ്യ നൽകി ഓണത്തിന്റെ 50 വർഷങ്ങൾ ആഘോഷിച്ച് വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ



ന്യൂയോർക്ക് : അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളിലൊന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ അൻപതാം ഓണാഘോഷ ത്തോടൊപ്പം തന്റെ ചരിത്രത്തിലേക്ക് മറ്റൊരു പൊൻതൂവൽ കുറിച്ചു. പോർട്ട് ചെസ്റ്റർ ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ പ്രസിഡന്റ് തോമസ് കോശിയുടെയും സെക്രട്ടറി നിരീഷ് ഉമ്മന്റെയും നേതൃത്വത്തിൽ നടന്ന ആഘോഷം കേരളത്തിന്റെ തനിമ നിറഞ്ഞ സദ്യ, കലാപരിപാടികൾ, ഘോഷയാത്രകൾ, തിരുവാതിര, പുലിക്കളി തുടങ്ങി ഒട്ടേറെ പരിപാടികളിലൂടെ ഓണത്തിന്റെ ഭംഗി പകർന്ന് മാറി.











അസോസിയേഷൻ നാട്ടിലെ സേവനപ്രവർത്തനത്തിലും മാതൃകയായി. അനാഥാലയങ്ങളിൽ കഴിയുന്ന 5000 പേർക്ക് ഓണസദ്യ നൽകിക്കൊണ്ട് ആഘോഷത്തിന്റെ മഹത്തായ സന്ദേശം പ്രാവർത്തികമാക്കി. 1975ൽ തുടക്കം കുറിച്ച സംഘടനയുടെ സുവർണജൂബിലി ആഘോഷം മുൻകാല നേതാക്കളെ അനുസ്മരിച്ച് ആദരിക്കപ്പെട്ട ചടങ്ങായും മാറി. ആദ്യ പ്രസിഡന്റ് അന്തരിച്ച എം.വി. ചാക്കോയുടെ പത്നി മേരി ചാക്കോയേയും മുൻ പ്രസിഡന്റ് കൊച്ചുമ്മൻ ജേക്കബിന്റെ പത്നി അന്നമ്മ ജേക്കബിനെയും വേദിയിൽ ആദരിച്ചു. മുൻ പ്രസിഡന്റുമാരായ കെ.ജെ. ഗ്രിഗറിയെയും എ.വി. വർഗീസിനെയും ലൈഫ് ടൈം അവാർഡ് നൽകി ആദരിച്ചു.

ഓണസദ്യ തന്നെയായിരുന്നു ആഘോഷത്തിന്റെ കേന്ദ്രാകർഷണം. രാവിലെ പതിനൊന്ന് മുതൽ വിശാലമായ ഹാളിൽ ഭക്ഷണം വിളമ്പാൻ സന്നദ്ധരായവർ അണിനിരന്നു. തുടർന്ന് മഹാബലിയെ ആനയിച്ച ഘോഷയാത്ര ചെണ്ടമേളത്തോടും ശിങ്കാരിമേളത്തോടും കൂടി വേദിയിൽ എത്തി.

സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. വെസ്റ്റ് ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് കെൻ ജെങ്കിൻസ് ആശംസകൾ നേർന്നു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും ഫോമാ ആർ.വി.പി. പി.ടി. തോമസും സംഘടനയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിലും നിരവധി സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുത്തു.









വെസ്റ്റ് ചെസ്റ്റർ ഏഞ്ചൽസ് അവതരിപ്പിച്ച തിരുവാതിര, ശബരിനാഥൻ നായർ–വേദ ശബരി ദ്വയം പാടിയ ഗാനങ്ങൾ, ലാൽ അങ്കമാലിയുടെ ഷോ, ലിസ ജോസഫിന്റെ നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ നൃത്തങ്ങൾ, സാത്വിക ഡാൻസ് അക്കാദമിയുടെ അവതരണങ്ങൾ, ഓട്ടം തുള്ളൽ, നാടോടി–സിനിമാനൃത്തങ്ങൾ തുടങ്ങി കലാപരിപാടികൾ ഒന്നിനൊന്ന് മികവ് പുലർത്തി. “കടുവയെ പിടിച്ച കിടുവ” എന്ന കോമഡി സ്കിറ്റും ഏറെ ശ്രദ്ധ നേടി.
ആഘോഷത്തിന്റെ വിജയത്തിനായി പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ, ട്രഷറർ അലക്സാണ്ടർ വർഗീസ്, വൈസ് പ്രസിഡന്റ് ഏലമ്മ രാജ് തോമസ്, ജോ. സെക്രട്ടറി ജോ ഡാനിയേൽ, ജോ. ട്രഷറർ മോളമ്മ വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർമാൻ കെ.ജെ. ഗ്രിഗറി, കോർഡിനേറ്റർമാരായ ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവർ നേതൃത്വം നൽകി.

ഡെൽമ ഓണാഘോഷം












ONAM SPECIAL 2025

കേരളാ സമാജം ഓണാഘോഷം ഗ്രെയ്റ്റർ ന്യൂയോർക്ക്








മോഹൻലാലുമൊത്ത്



ONAM SPECIAL 2025

നാമം ഓണാഘോഷം












ONAM SPECIAL 2025

ഹഡ്സൺ വാലി മലയാളീ അസോസിയേഷൻ ഓണാഘോഷം


















ONAM SPECIAL 2025

കേരള കൾച്ചറൽ ഫോറം ,മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹ്യൂസ്റ്റൺ ഓണാഘോഷം













ONAM SPECIAL 2025

മോഹൻലാലിന് ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം: ഇന്ത്യൻ സിനിമയുടെ പിതാവിനെ ആദരിച്ച് മറ്റൊരു സ്മരണ



ഫാൽക്കെ മരണത്തിനുശേഷം, 1969-ൽ സർക്കാർ അദ്ദേഹത്തിന്റെ നാമത്തിൽ ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം സ്ഥാപിച്ചു. പ്രഥമ പുരസ്കാര ജേതാവ് നടി ദേവികാ റാണി ആയിരുന്നു. പിന്നീട് വിവിധ ഭാഷകളിലെ പ്രമുഖരായ സത്യജിത് റായ്, രജനീകാന്ത്, അമിതാഭ് ബച്ചൻ, ആഷാ ഭോസ്ലേ തുടങ്ങിയവർ ഈ ബഹുമതി ഏറ്റു.

മലയാളി കലാരംഗത്തേക്ക് നോക്കുമ്പോൾ 2004-ൽ അടൂർ ഗോപാലകൃഷ്ണന് ആദ്യമായി ഈ പുരസ്കാരം ലഭിച്ചിരുന്നു. ഇരുപത് വർഷങ്ങൾക്ക് ശേഷമാണ് ഇപ്പോൾ മോഹൻലാലിന് ഈ അംഗീകാരം എത്തിയത്, മലയാള സിനിമയുടെ അഭിമാനമായൊരു ചരിത്ര നിമിഷമായി. ബോളിവുഡ് സംവിധായകൻ രാം ഗോപാൽ വർമ്മയും സോഷ്യൽ മീഡിയയിൽ ഫാൽക്കെയെയും മോഹൻലാലിനെയും കുറിച്ചുള്ള അഭിനന്ദനങ്ങൾ പങ്കുവെച്ചിരുന്നു, ''ദാദാ സാഹേബ് ഫാൽക്കെയെ എനിക്ക് അറിയില്ല, പക്ഷെ മോഹൻലാലിനെ എനിക്ക് അറിയാം; അതിനാൽ ഫാൽക്കെക്ക് മോഹൻലാൽ അവാർഡ് നൽകണം'' എന്നായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

മോഹൻലാലിന്റെ ഈ നൂതന നേട്ടം ഇന്ത്യൻ സിനിമയുടെ സമഗ്ര സംഭാവനകളെ കുറിച്ചുള്ള അന്താരാഷ്ട്ര ശ്രദ്ധയും അഭിമാനവും മലയാളി പ്രേക്ഷകർക്ക് നൽകുന്നു.

ഇന്ത്യൻ സിനിമയിൽ സമഗ്ര സംഭാവനകൾ കൈവരിച്ച പ്രമുഖ നടന് മോഹൻലാലിന് ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം നൽകി കേന്ദ്രസർക്കാർ അദ്ദേഹത്തിന്റെ കലാരംഗത്ത് നടത്തിയ അപാര സംഭാവനകൾ ആദരിച്ചു. ഇതിന് മുമ്പ്, 54 പേരാണ് ഈ പരമോന്നത ബഹുമതിയുടെ അർഹത കൈവരിച്ചത്.

ധുണ്ടിരാജ് ഗോവിന്ദ് ഫാൽക്കെ എന്ന പേരിൽ അറിയപ്പെടുന്ന ദാദാ സാഹിബ് ഫാൽകെ, ഇന്ത്യൻ സിനിമയുടെ പിതാവെന്ന വിശേഷണത്തിന് അർഹനായ വ്യക്തിത്വമാണ്. 1870-ൽ ജനിച്ച ഫാൽകെ, നിർമ്മാതാവ്, തിരക്കഥാകൃത്ത്, സംവിധായകൻ, എഡിറ്റർ, കലാ ഡയറക്ടർ, വസ്ത്രാലങ്കാരകൻ, മേക്കപ്പ് ആർട്ടിസ്റ്റ് എന്നിങ്ങനെ നിരവധി മേഖലകളിൽ ചലച്ചിത്ര ലോകത്തെ സമ്പുഷ്ടമാക്കി. 1913-ൽ പുറത്തിറങ്ങിയ 'രാജാ ഹരിശ്ചന്ദ്ര' എന്ന ആദ്യ ഇന്ത്യൻ ഫുൾ-ലെങ്ത്ത് ഫീച്ചർ ഫിലിം നിർമ്മിച്ച് രാജ്യത്തിന്റെ സിനിമാ വ്യവസായത്തിന് അടിസ്ഥാനമിട്ടത് അദ്ദേഹത്തിന്റെ ചരിത്രപ്രാധാന്യമായിരുന്നു.

ഫാൽക്കെയുടെ ജീവിതം കലാപരമായ കഠിനാധ്വാനത്തോടെയും വ്യക്തിഗത ദുരന്തങ്ങളോടെയും നിറഞ്ഞിരുന്നു. 1900-ൽ പലയിടങ്ങളിൽ പകർച്ചവ്യാധി മൂലം കുടുംബാംഗങ്ങളെ നഷ്ടപ്പെട്ട ശേഷം, ഫാൽകെ പുതിയ നഗരങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും ചുവടുവെച്ചു. ഫോട്ടോഗ്രഫിയിൽ പ്രാവീണ്യം നേടി, ലണ്ടനിലെ സിനിമാ പഠനവും പ്രായോഗിക പരിശീലനവും അഭ്യസിച്ച് മുംബൈയിലേക്ക് മടങ്ങിയെത്തി.

ഫാൽകെ ഫിലിം കമ്പനി സ്ഥാപിച്ച് ഹരിശ്ചന്ദ്രയുടെ ഷൂട്ടിംഗ് തുടങ്ങി. തിരക്കഥ, നിർമ്മാണം, എഡിറ്റിംഗ്, പ്രോസസിംഗ് എല്ലാം സ്വയം കൈകാര്യം ചെയ്ത ഫാൽക്കെ സിനിമാ ലോകത്തേക്ക് പുത്തൻ വഴികളൊരുക്കി.

ഫാൽക്കെയുടെ മറ്റുള്ള നിർമിതികൾക്ക് പ്രത്യേക ശ്രദ്ധ ലഭിച്ചു. സത്യവാൻ സാവിത്രി, ലങ്ക ദഹൻ, ശ്രീകൃഷ്ണ ജന്മ എന്നീ ചിത്രങ്ങൾ പ്രേക്ഷകർക്ക് വലിയ ഇഷ്ടം പടർത്തി.

1922-ൽ പുറത്തിറങ്ങിയ 'സന്റ് നാംദിയോ' മുതൽ ശബ്ദ സിനിമകളിലേക്ക് മാറ്റം വരെയും ഫാൽക്കെയുടെ ജീവിതം സാങ്കേതിക, സാംസ്കാരിക, കലാപരമായ പരീക്ഷണങ്ങളുടെ ശേഖരമായി മാറി. 1944-ൽ അന്തരിച്ചു.



ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം ലഭിച്ച പ്രമുഖ നടൻ മോഹൻലാലിന് ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ പോൾ കറുകപ്പിള്ളിൽ അഭിനന്ദനങ്ങൾ അറിയിച്ചു .

ഇന്ത്യൻ സിനിമയ്ക്കു നൽകിയ അതുല്യമായ സംഭാവനകൾക്കും, വൈവിധ്യമാർന്ന അഭിനയശൈലിയ്ക്കും, തലമുറകളെ പ്രചോദിപ്പിക്കുന്ന കലാജീവിതത്തിനുമുള്ള അംഗീകാരമാണ് ഈ മഹത്തായ പുരസ്കാരം.

കേരളത്തിന്റെയും ലോകമെമ്പാടുമുള്ള ഇന്ത്യക്കാരുടെയും അഭിമാന നിമിഷമായ ഈ നേട്ടത്തിൽ ഞാൻ വലിയ സന്തോഷം രേഖപ്പെടുത്തുന്നു.

പോൾ കറുകപ്പിള്ളിൽ
മുൻ പ്രസിഡണ്ട്, ഫൊക്കാന
മാനേജിംഗ് ഡയറക്ടർ, കേരള ടൈംസ്



പരിശുദ്ധ കാതോലിക്കാ ബാവയ്ക്ക് ന്യൂയോർക്കിൽ സ്വീകരണം നൽകി.



ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷനും കതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയ്ക്ക് ന്യൂയോർക്കിലെ ജോൺ എഫ്. കെന്നഡി വിമാനത്താവളത്തിൽ, മലങ്കര സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ സഖറിയാസ് മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായും ഭദ്രാസനത്തിലെ മറ്റ് വൈദീക, അൽമായ നേതാക്കളോടൊപ്പം സ്വീകരണം നൽകി.

പരിശുദ്ധ കാതോലിക്ക ബാവാ സെപ്റ്റംബർ 23 മുതൽ 29 വരെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങൾ സന്ദർശിക്കും. സ്വീകരണ ചടങ്ങിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിലും പങ്കെടുത്തിരുന്നു.

ഭദ്രാസനത്തിലെ വിശ്വാസികൾ പരിശുദ്ധ പിതാവിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും, പരിശുദ്ധ സഭയെ നയിക്കുന്നതിനായി ദൈവം പരിശുദ്ധ പിതാവിന് ദീർഘായുസ്സും ശക്തിയും നല്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചയ്യുന്നു

ONAM SPECIAL 2025

യുക്മ കേരളപ്പൂരം വള്ളംകളിക്ക് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായി പങ്കെടുത്തു.



ഇംഗ്ലണ്ടിലെ മലയാളീ അസോസിയേഷനുകളുടെ കേന്ദ്ര സംഘടനായ യുക്മയുടെ ഏഴാമത് കേരള പൂരവും ഓണാഘോഷവും ,വള്ളം കളിയും വളരെ പ്രൗഢഗംഭീരമായി നടന്നു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ചീഫ് ഗസ്റ്റ് ആയി പങ്കെടുത്ത പരിപാടി കേരള തനിമ നിറഞ്ഞു അടിയ പരിപാടി യായിരുന്നു.

കേരളത്തിന് പുറത്ത് സംഘടിപ്പിക്കുന്ന മലയാളികളുടെ ഏറ്റവും വലിയ വള്ളംകളി മത്സരമാണ് ഇത് . കേരളപ്പൂരം വള്ളംകളിക്ക് ഇക്കുറി ആവേശപൂരമായ വരവേൽപ്പാണ് യുകെ മലയാളികൾ ഒരുക്കിയത്. ഒൻപതര മണിയോടെ ആരംഭിച്ച മത്സരങ്ങൾക്ക് വൈകുന്നേരം ആറര മണിയോടെയാണ് സമാപനമായത്. 32 പുരുഷൻ മാരുടെ ടീമും 16 സ്ത്രികളുടെ ടീമും പങ്കെടുത്തു . ഏകദേശം പതിനായിരത്തോളം കാണികൾ ഒഴുകിയെത്തി.

യുക്മ ദേശീയ അദ്ധ്യക്ഷൻ അഡ്വ എബി സെബാസ്റ്റിയൻ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ ബേസിംഗ്സ്റ്റോക്ക് കൗൺസിലർ സജീഷ് ടോം സമാപന സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായിപങ്കെടുത്തു. സെക്രട്ടറി ജയകുമാർ നായർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. യൂ .കെ പാർലമെന്റിലെ ഏക മലയാളീ എം പി യായ സോജൻ ജോസഫ് ജലമേളക്ക് ഫ്ളാഗ് ഓഫ് ചെയ്തു. ഒരു വശത്തു വാശിയേറിയ മത്സരത്തോട് വള്ളം കളി നടക്കുബോൾ മറ്റ് സ്റ്റേജുകളിൽ കേരളപ്പൂരത്തിന്റെ ഭാഗമായി നടന്ന യുക്മ തെരേസാസ് ഓണച്ചന്തം പരിപാടിയും അതോടൊപ്പം തന്നെ കേരളത്തിലെ തനതായ നാടൻ കലാരൂപങ്ങളും അരങ്ങു തകർക്കുകയായിരുന്നു . മലയാളി സുന്ദരി വിജയികൾക്ക് സെലിബ്രിറ്റി ഗെസ്റ്റായ പ്രശസ്ത ചലച്ചിത്ര താരം നേഹ സക്സേന പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി തന്റെ പ്രസംഗത്തിൽ ഫൊക്കാനയുടെ ആശംസകൾ നേരുകയും, യുക്മയുമായി സഹകരിച്ചു പ്രവർത്തികേണ്ടതിന്റെ ആവിശ്യം എടുത്തു പറയുകയും ചെയ്തു. അഡ്വ. എബി സെബാസ്റ്റ്യൻ ജയകുമാർ നായർ, ഷിജോ വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ യുക്മ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയം ആണെന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു . ഫൊക്കാന മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും ഓണ സമ്മാനമായി യുക്മയുമായി സഹകരിച്ചു യൂ .കെ മലയാളികൾക്ക് കൂടെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാപിപ്പിക്കുവാനും ഫൊക്കാനക്ക് സന്തോഷമേ ഉള്ളു എന്ന് അദ്ദേഹം അറിയിച്ചു.

ലോകത്തിൽ ഉള്ള മലയാളീ സംഘടനകളെ ഒരേ കുടാക്കിഴിൽ കൊണ്ടുവരുക എന്നത് ഫൊക്കാനയുടെ ഒരു വിഷൻ കൂടിയാണ് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു . കേരളത്തിൽ നിന്നും മലയാളികൾ ലൊകമെമ്പാടും വസിക്കുബോഴും അവരെ ഒന്നിപ്പിക്കുകയും പൊതുവായ കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഫൊക്കാനയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. ലോകത്തിലുള്ള മലയാളീ സംഘടനകളെ ഒരു കുടകിഴിൽ എത്തിക്കുയും , ലോകമെമ്പടുമുള്ള മലയാളികളുടെ ഒരു എകികരണമാണ് ഫൊക്കാനാ ഇതിലൂടെ ലക്ഷ്യം വെക്കുന്നത് എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനത്തേക്ക് ഡോ. ഷൈനി രാജു മത്സരിക്കും



ന്യൂജഴ്സി : മലയാളി അസോസിയേഷൻ ഓഫ് ന്യൂജഴ്സിയുടെ (മഞ്ച്) മുൻ പ്രസിഡന്റ് ഡോ. ഷൈനി രാജുവിനെ ഫൊക്കാനയുടെ 2026-2028 ഭരണസമിതിയിലെ വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥിയായി മഞ്ച് കമ്മിറ്റി നാമനിർദേശം ചെയ്തു.

ഫൊക്കാനയിൽ വിമൻസ് ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, റീജനൽ വിമൻസ് ഫോറം കോഓർഡിനേറ്റർ, നാഷണൽ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഡോ. ഷൈനി, സംഘടനയുടെ വിവിധ കൺവൻഷനുകളുടെ നടത്തിപ്പിനായുള്ള വിവിധ കമ്മിറ്റികളിലും സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

മലയാളി അസോസിയേഷൻ ഓഫ് ന്യൂജഴ്സിയിൽ കഴിഞ്ഞ വർഷം പ്രസിഡന്റായും മുൻപ് ജോയിന്റ് സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുള്ള അവർ, സമൂഹ പ്രവർത്തനത്തിൽ തന്റെ നേതൃത്വവും സംഘടനാ കഴിവും തെളിയിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്തും സജീവമായ ഡോ. ഷൈനി രാജു, നിലവിൽ ന്യൂജഴ്സിയിലെ എസ്സെക്സ് കൗണ്ടി കോളജിലും കാൾഡ്വെൽ യൂണിവേഴ്സിറ്റിയിലും മാത്തമാറ്റിക്സ് അധ്യാപികയായി ജോലി ചെയ്യുന്നു.

യുഎസിൽ ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുള്ള സമീപകാല ആക്രമണങ്ങളെ അപലപിച്ചു ,കോൺഗ്രസ് അംഗം സുഹാസ് സുബ്രഹ്മണ്യൻ




വാഷിംഗ്ടൺ, ഡിസി : യുഎസിലുടനീളം ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുള്ള സമീപകാല ആക്രമണങ്ങളെ കോൺഗ്രസ് അംഗം സുഹാസ് സുബ്രഹ്മണ്യൻ അപലപിച്ചു, ഈ "വെറുപ്പുളവാക്കുന്ന" പ്രവൃത്തികൾ ഒറ്റപ്പെട്ട സംഭവങ്ങളല്ല, മറിച്ച് ആരാധനാലയങ്ങൾക്ക് നേരെയുള്ള വ്യാപകമായ അക്രമത്തിന്റെ ഭാഗമാണെന്ന് പ്രസ്താവിച്ചു.

സെപ്റ്റംബർ 10 ന് രാവിലെ യു എസ് പ്രതിനിധിസഭയിൽ സംസാരിച്ച സുബ്രഹ്മണ്യൻ പറഞ്ഞു, "നമ്മുടെ സമൂഹങ്ങളിൽ വെറുപ്പിന് സ്ഥാനമില്ല, അതുകൊണ്ടാണ് ഇന്ത്യാനയിലെ ബിഎപിഎസ് ശ്രീ സ്വാമിനാരായണ മന്ദിർ മുതൽ ഉട്ടായിലെ ശ്രീ ശ്രീ രാധാകൃഷ്ണ ക്ഷേത്രം വരെ രാജ്യത്തുടനീളമുള്ള ഹിന്ദു ക്ഷേത്രങ്ങൾക്കും മന്ദിരങ്ങൾക്കും നേരെയുള്ള സമീപകാല വിദ്വേഷ ആക്രമണങ്ങളെ ഞാൻ അപലപിക്കുന്നത്."രാജ്യത്തുടനീളമുള്ള അക്രമത്തിന്റെയും വിഭജനത്തിന്റെയും കുതിച്ചുചാട്ടത്തിന്റെ ഭാഗമാണിതെന്ന് വാദിച്ചുകൊണ്ട്, അത്തരം ആക്രമണങ്ങൾ ക്ഷേത്രങ്ങളിൽ മാത്രം ഒതുങ്ങുന്നില്ലെന്നും എല്ലാ ആരാധനാലയങ്ങളെയും ബാധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. "വിശ്വാസ സമൂഹങ്ങളുടെ പുണ്യസ്ഥലങ്ങൾ വെറുപ്പ്, നശീകരണം, അവഹേളനം എന്നിവയുടെ പ്രവൃത്തികളാൽ ലക്ഷ്യം വച്ചിട്ടുണ്ട്, ഇവ ഒറ്റപ്പെട്ട സംഭവങ്ങളല്ല," അദ്ദേഹം കൂട്ടിച്ചേർത്തു.ഓരോ അമേരിക്കക്കാരനും "ഭയമില്ലാതെ സുരക്ഷിതമായി അവരുടെ വിശ്വാസം ആചരിക്കാനുള്ള അവകാശം അർഹിക്കുന്നു" എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. "അതുകൊണ്ടാണ് ഈ ക്ഷേത്രങ്ങൾ പോലുള്ള ആരാധനാലയങ്ങളിൽ സുരക്ഷയ്ക്കായി വർദ്ധിച്ച വിഭവങ്ങൾക്കായി നാം പോരാടുന്നത് തുടരേണ്ടത്, കൂടാതെ യുണൈറ്റഡ് സ്റ്റേറ്റ്സിൽ നാം അനുഭവിക്കുന്ന വിദ്വേഷത്തിന്റെ വർദ്ധനവിനെ ചെറുക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കണം. അതിനാൽ, അത് ചെയ്യുന്നതിന് ഇടനാഴിയുടെ ഇരുവശത്തുമുള്ള എന്റെ സഹപ്രവർത്തകരുമായി ഞാൻ തുടർന്നും പ്രവർത്തിക്കും," കോൺഗ്രസുകാരൻ കൂട്ടിച്ചേർത്തു.യുഎസിലുടനീളമുള്ള ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുണ്ടായ ആക്രമണ പരമ്പരയെ തുടർന്നാണ് ഈ പരാമർശങ്ങൾ. ഓഗസ്റ്റിൽ, ഇന്ത്യാനയിലെ ഗ്രീൻവുഡിലുള്ള ബിഎപിഎസ് സ്വാമിനാരായണ ക്ഷേത്രം ഇന്ത്യാ വിരുദ്ധവും ഹിന്ദു വിരുദ്ധവുമായ ചുവരെഴുത്തുകൾ കൊണ്ട് വികൃതമാക്കി. ജൂലൈയിൽ, ഉട്ടായിലെ സ്പാനിഷ് ഫോർക്കിലുള്ള ശ്രീ ശ്രീ രാധാകൃഷ്ണ ക്ഷേത്രത്തിൽ ഭക്തരും അതിഥികളും ഉള്ളിൽ ആയിരിക്കുമ്പോൾ ഏകദേശം 20-30 വെടിയുണ്ടകൾ പ്രയോഗിച്ചു. കൂടാതെ, ഓഗസ്റ്റ് 28 ന്, കള്ളന്മാർ സാന്താ ക്ലാരയിലെ ക്ഷേത്രം ലക്ഷ്യമാക്കി അതിന്റെ സംഭാവനപെട്ടിയും മറ്റ് ആഭരണങ്ങളും മോഷ്ടിച്ചു. മാർച്ചിൽ, തെക്കൻ കാലിഫോർണിയയിലെ ചിനോ ഹിൽസിലെ ഒരു ക്ഷേത്രം സമാനമായ ഇന്ത്യാ വിരുദ്ധ സന്ദേശങ്ങൾ നൽകി നശിപ്പിക്കപ്പെട്ടു.അതേസമയം, യുഎസിലെ ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുള്ള ആക്രമണ പരമ്പരയെയും അമേരിക്കൻ ഹിന്ദുക്കൾക്കെതിരെ വളരുന്ന വിദ്വേഷത്തെയും അപലപിച്ചതിന് സുബ്രഹ്മണ്യത്തെ യുഎസ് ആസ്ഥാനമായുള്ള അഭിഭാഷക ഗ്രൂപ്പുകളായ കോളിഷൻ ഓഫ് ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (cohna) ഉം ഹിന്ദു ആക്ഷൻ (hindu action) ഉം പ്രശംസിച്ചു. "അമേരിക്കൻ ഹിന്ദുക്കൾ വേദനിക്കുന്നു. ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുമ്പോൾ, ഒരു ഹിന്ദുവിന് എങ്ങനെ ആത്മീയ ആശ്വാസം ലഭിക്കും, ആചാരങ്ങളും പാരമ്പര്യങ്ങളും പാലിക്കാം, സമൂഹത്തോടൊപ്പം പ്രാർത്ഥിക്കാം? നീതിയുടെ ശബ്ദമായതിന് കോൺഗ്രസുകാരനായ സുഹാസ് സുബ്രഹ്മണ്യത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു, കൂടുതൽ നിയമനിർമ്മാതാക്കൾ സംസാരിക്കാനും നടപടി ആവശ്യപ്പെടാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു," cohna x-ൽ പോസ്റ്റ് ചെയ്തു.

ONAM SPECIAL 2025

യൂട്ടായിലെ പൊതുപരിപാടിയിൽ ചാർളി കിർക്ക് വെടിയേറ്റ് കൊല്ലപ്പെട്ടതായി പ്രസിഡന്റ് ട്രംപ്



യൂട്ടാ : കൗമാരക്കാരനായ യാഥാസ്ഥിതിക കാമ്പസ് ആക്ടിവിസ്റ്റിൽ നിന്ന് ഒരു മികച്ച പോഡ്കാസ്റ്ററായും സാംസ്കാരിക യോദ്ധാവായും പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സഖ്യകക്ഷിയായും വളർന്ന ചാർളി കിർക്ക് ബുധനാഴ്ച യൂട്ടായിലെ ഒരു കോളേജിൽ തന്റെ ട്രേഡ്മാർക്ക് പൊതുപരിപാടികളിൽ ഒന്നിൽ വെടിയേറ്റ് കൊല്ലപ്പെട്ടു. അദ്ദേഹത്തിന് 31 വയസ്സായിരുന്നു.കിർക്കിന്റെ മരണം ട്രംപ് തന്റെ സോഷ്യൽ മീഡിയ സൈറ്റായ ട്രൂത്ത് സോഷ്യലിലൂടെ പ്രഖ്യാപിച്ചു.

ചാർളി കിർക്കിന്റെ കൊലപാതകത്തിന് മറുപടിയായി അമേരിക്കൻ പതാകകൾ പകുതി താഴ്ത്തിക്കെട്ടാൻ പ്രസിഡന്റ് ട്രംപ് ഉത്തരവിട്ടു

കിർക്ക് തന്നെ ശക്തമായ ഒരു രാഷ്ട്രീയ ശക്തിയാക്കി മാറ്റിയത് – ഇത്തവണ യൂട്ടാ വാലി യൂണിവേഴ്സിറ്റിയിലെ ഒരു കോളേജ് കാമ്പസിൽ വലതുപക്ഷം അണിനിരത്തി. കൊളറാഡോ മുതൽ വിർജീനിയ വരെയുള്ള "ദി അമേരിക്കൻ കംബാക്ക് ടൂർ" എന്ന് വിളിക്കപ്പെടുന്ന കിർക്ക് കോളേജ് അവതരണങ്ങളുടെ ഒരു ആസൂത്രിത പരമ്പരയ്ക്ക് തുടക്കം കുറിക്കുകയായിരുന്നു ഈ പരിപാടി.

മിനസോട്ടയിൽ ഒരു ഡെമോക്രാറ്റിക് സംസ്ഥാന നിയമസഭാംഗത്തെയും അവരുടെ ഭർത്താവിനെയും വധിച്ചതു മുതൽ കഴിഞ്ഞ വേനൽക്കാലത്ത് ട്രംപിനെ വെടിവച്ചുകൊന്നത് വരെ രാജ്യത്തെ നടുക്കിയ രാഷ്ട്രീയ നേതാക്കൾക്കെതിരെ വർദ്ധിച്ചുവരുന്ന ആക്രമണങ്ങളിൽ ഒന്നായിരുന്നു അദ്ദേഹത്തിന്റെ വെടിവയ്പ്പ്.

കിർക്കിന്റെ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ നിലവിൽ ആരും കസ്റ്റഡിയിലില്ലെന്ന് യൂട്ടാ പബ്ലിക് സേഫ്റ്റി വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്.

ട്രംപിന്റെ കാലഘട്ടത്തിൽ റിപ്പബ്ലിക്കൻ പാർട്ടിയെ കീഴടക്കിയ തീവ്രവും ജനകീയവുമായ യാഥാസ്ഥിതികത്വത്തിന്റെ വ്യക്തിത്വമാണ് കിർക്ക്. 2012 ൽ അദ്ദേഹം ടേണിംഗ് പോയിന്റ് യുഎസ്എ എന്ന തന്റെ സംഘടന ആരംഭിച്ചു, യുവാക്കളെ ലക്ഷ്യമിട്ട് നിരവധി ജിഒപി പ്രവർത്തകർ കാലുകുത്താൻ ഭയന്നിരുന്ന ലിബറൽ ചായ്വുള്ള കോളേജ് കാമ്പസുകളിലേക്ക് അദ്ദേഹം കടന്നു.

ട്രംപിന്റെ 2024 ലെ കാമ്പെയ്നിനായി വോട്ട് നേടാൻ ടേണിംഗ് പോയിന്റിന്റെ രാഷ്ട്രീയ വിഭാഗം സഹായിച്ചു, അപൂർവ്വമായി വോട്ട് ചെയ്യുന്ന അസംതൃപ്തരായ യാഥാസ്ഥിതികരെ ഊർജ്ജസ്വലമാക്കാൻ ശ്രമിച്ചു. 250,000-ത്തിലധികം വിദ്യാർത്ഥി അംഗങ്ങൾ ഇതിൽ ഉൾപ്പെടുന്നുവെന്ന് ഇത് അവകാശപ്പെടുന്നു.

യൂട്ടായിലെ കോളേജ് പ്രസംഗ പരിപാടിയിൽ ആക്ടിവിസ്റ്റ് ചാർലി കിർക്കിന്റെ കൊലപാതകത്തിനെതിരെ പ്രതികരിക്കാൻ ടെക്സസ് നേതാക്കളിൽ അബോട്ട്, ക്രൂസ് എന്നിവരും ഉൾപ്പെടുന്നു

"ഇതൊരു ക്രിസ്ത്യൻ രാഷ്ട്രമാണ്. അത് അങ്ങനെ തന്നെ തുടരുന്നത് കാണാൻ ഞാൻ ആഗ്രഹിക്കുന്നു," കിർക്ക് പതിനായിരത്തോളം വരുന്ന ജോർജിയക്കാരോട് പറഞ്ഞു, ഒരു ഘട്ടത്തിൽ അവർ കിർക്കിനൊപ്പം ചേർന്ന് "ക്രിസ്തു രാജാവാണ്! ക്രിസ്തു രാജാവാണ്!" എന്ന കാതടപ്പിക്കുന്ന മന്ത്രം ആലപിച്ചു.

കോളേജ് കാമ്പസുകളിലും കിർക്ക് സ്ഥിരം സാന്നിധ്യമായി തുടർന്നു. കഴിഞ്ഞ വർഷം, "സറൗണ്ടഡ്" എന്ന സോഷ്യൽ മീഡിയ പ്രോഗ്രാമിനായി, ഗർഭഛിദ്രം കൊലപാതകമാണെന്നും അത് നിയമവിരുദ്ധമാണെന്നും ഉൾപ്പെടെയുള്ള തന്റെ കാഴ്ചപ്പാടുകളെ പ്രതിരോധിക്കാൻ 20 ലിബറൽ കോളേജ് വിദ്യാർത്ഥികളെ അദ്ദേഹം നേരിട്ടു.

പുതിയ തലമുറ യാഥാസ്ഥിതികർക്ക് അദ്ദേഹത്തിന്റെ ശൈലി വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ബുധനാഴ്ച വെടിവയ്പ്പിന് ശേഷം ഫ്ലോറിഡയിലെ റിപ്പബ്ലിക്കൻ പ്രതിനിധി അന്ന പൗളിന ലൂണ കാപ്പിറ്റോൾ പടികളിൽ സംസാരിച്ചു, തന്റെ രാഷ്ട്രീയ യാത്രയിൽ കിർക്കിന്റെ സ്വാധീനത്തെക്കുറിച്ച് പ്രതിഫലിപ്പിച്ചു.

"ഞാൻ മെഡിക്കൽ സ്കൂളിൽ പോകേണ്ടതായിരുന്നു. ഞാൻ പോകേണ്ടതിന്റെ തലേദിവസം ചാർളി കിർക്ക് എന്നെ വിളിച്ചു, സംഘടനയുടെ ദേശീയ ഹിസ്പാനിക് ഔട്ട്റീച്ച് ഡയറക്ടറായി എന്നെ നിയമിച്ചു," ലൂണ പറഞ്ഞു. "അവയിൽ പലതിലും ഞാൻ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു, ആ കുട്ടികളുമായി ചർച്ച നടത്തി, ആ സംഭാഷണം നടക്കേണ്ടതുണ്ട്. നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയില്ല."കിർക്ക് പോഡ്കാസ്റ്റർ എറിക്ക ഫ്രാന്റ്സ്വെയെ വിവാഹം കഴിച്ചു. അവർക്ക് രണ്ട് കുട്ടികളുണ്ട്.

പതിമൂന്നുകാരിക്ക് പുതിയ ജീവൻ: ബിൽജിത്തിന്റെ ഹൃദയം കൊച്ചിയിൽ വിജയകരമായി മാറ്റിവച്ചു





കൊച്ചി : അങ്കമാലി സ്വദേശിയായ ബിൽജിത്ത് (18) നൽകിയ ജീവദാനമാണ് കൊല്ലം അഞ്ചൽ കരുകോൺ സ്വദേശിയായ പതിമൂന്നുകാരിക്ക് പുതുജീവൻ സമ്മാനിച്ചത്. എറണാകുളം ലിസി ആശുപത്രിയിൽ പുലർച്ചെ ആറരയോടെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായി.

വെള്ളിയാഴ്ച മസ്തിഷ്കമരണം സ്ഥിരീകരിച്ച ബിൽജിത്തിന്റെ ഹൃദയം അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ നിന്നാണ് കൊച്ചിയിലേക്ക് കൊണ്ടുവന്നത്. പുലർച്ചെ 1.25ന് ഡോ. ജോസ് ചാക്കോ പെരിയപ്പുറം നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം ശസ്ത്രക്രിയ ആരംഭിച്ചു. 3.30ഓടെ ഹൃദയം പെൺകുട്ടിയുടെ ശരീരത്തിൽ സ്പന്ദിച്ച് തുടങ്ങി. തുടർച്ചയായി വിവിധ ആശുപത്രികളിലെ വിദഗ്ധർ ഒന്നിച്ചു നിന്ന പ്രയത്നത്തിന്റെ ഫലമായിരുന്നു ശസ്ത്രക്രിയ. അടുത്ത 48 മണിക്കൂർ ഏറെ നിർണായകമാണെന്ന് ഡോക്ടർമാർ വ്യക്തമാക്കി.

ഹൃദയം ചുരുങ്ങുന്ന കാർഡിയാക് മയോപ്പതി രോഗവും ഹൃദയ വാൽവിൽ സുഷിരവുമുള്ളതായി പതിമൂന്നുകാരിക്ക് മുൻപ് തന്നെ കണ്ടെത്തിയിരുന്നു. മത്സ്യവ്യാപാരിയായ പിതാവിന് ചികിത്സയ്ക്ക് വേണ്ടിയുള്ള സാമ്പത്തിക ഭാരവും ഏറ്റെടുക്കാൻ കഴിയാതെ വന്നപ്പോൾ നാട്ടുകാർ ചേർന്നാണ് പണം കണ്ടെത്തിയത്. വന്ദേഭാരത് ട്രെയിനിൽ മാതാപിതാക്കൾക്കൊപ്പം എത്തിയ പെൺകുട്ടിയെ പോലീസ് അകമ്പടിയോടെ ആശുപത്രിയിൽ എത്തിച്ച് പരിശോധനകൾക്ക് വിധേയയാക്കിയ ശേഷമാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്.

കാലടി ആദിശങ്കര എൻജിനിയറിങ് കോളജിലെ ഒന്നാം വർഷ വിദ്യാർഥിയായിരുന്ന ബിൽജിത്ത്, സെപ്തംബർ 2ന് അത്താണി കരിയാട് പ്രദേശത്ത് ബൈക്ക് അപകടത്തിൽപ്പെട്ട് ഗുരുതരമായി പരിക്കേറ്റിരുന്നു. തുടർന്നു നടത്തിയ ചികിത്സ ഫലിച്ചില്ല, വെള്ളിയാഴ്ച മസ്തിഷ്കമരണം സ്ഥിരീകരിച്ചു. മാതാപിതാക്കളുടെ സമ്മതത്തോടെയാണ് അവയവങ്ങൾ ദാനം ചെയ്തത്.

ബിൽജിത്തിന്റെ ഹൃദയം പതിമൂന്നുകാരിക്കു നൽകിയപ്പോൾ, മറ്റ് അവയവങ്ങൾ കൂടി അഞ്ചു പേർക്ക് പുതുജീവൻ സമ്മാനിച്ചു. ഒരു വൃക്ക കോഴിക്കോട് മെഡിക്കൽ കോളജിലും മറ്റൊന്ന് എറണാകുളം രാജഗിരി ആശുപത്രിയിലും, കരളും ചെറുകുടലും അമൃത ആശുപത്രിയിലും, കണ്ണുകൾ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിലുമാണ് മാറ്റിവച്ചത്.

ഒരു ദിവസം മുമ്പ് കൊല്ലത്ത് വാഹനാപകടത്തിൽ മരിച്ച ഐസക് ജോർജിന്റെ ഹൃദയം മറ്റൊരാൾക്കു നൽകുകയും ചെയ്തിരുന്നു. അങ്ങനെ, ജീവദാനങ്ങളുടെ തെളിനീരായിത്തീർന്ന രണ്ട് കുടുംബങ്ങളുടെ മഹത്തായ തീരുമാനങ്ങളാണ് കേരളത്തിൽ പ്രത്യാശയുടെ കഥകൾ എഴുതി കൊണ്ടിരിക്കുന്നത്.



ONAM SPECIAL 2025

പെരുമ്പാവൂരിനെ മേജറാക്കിയ പി.പി. തങ്കച്ചൻ അന്തരിച്ചു

പെരുമ്പാവൂർ : മുൻ മുഖ്യമന്ത്രി ഇ.കെ.നായനാർ സ്നേഹത്തോടെ വിളിച്ചിരുന്നത് “തങ്കപ്പൻ” എന്ന്. പലവട്ടം തിരുത്തിയിട്ടും നായനാർ സഭയ്ക്കകത്തും പുറത്തും അങ്ങനെ തന്നെ വിളിച്ചു. ആ വിളിയിലെ സൗഹൃദം പോലെ തന്നെയായിരുന്നു പി.പി. തങ്കച്ചന്റെ പൊതുപ്രവർത്തനങ്ങളും.

1968-ൽ വെറും 28-□□ വയസ്സിൽ പെരുമ്പാവൂർ നഗരസഭയുടെ അധ്യക്ഷനായ തങ്കച്ചൻ പതിനൊന്നുവർഷം ആ സ്ഥാനത്ത് നിന്നു. പ്രതിപക്ഷത്തോടും ചേർന്ന് അഭിപ്രായങ്ങൾ തേടുകയും പദ്ധതികൾക്കുള്ള അനുമതിക്കായി സെക്രട്ടേറിയറ്റിലേക്കു പോകുമ്പോൾ പോലും പ്രതിപക്ഷ പ്രതിനിധിയെ ഒപ്പമെടുക്കുകയും ചെയ്തിരുന്നു. മൈനർ മുനിസിപ്പാലിറ്റിയായിരുന്ന പെരുമ്പാവൂരിനെ മേജർ മുനിസിപ്പാലിറ്റിയാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ പ്രവർത്തന മികവുകൊണ്ടാണ്.

1977-ൽ തങ്കച്ചൻ ആദ്യമായി നിയമസഭ തിരഞ്ഞെടുപ്പ് രംഗത്തിറങ്ങി. അങ്കമാലിയിൽ എതിർ സ്ഥാനാർഥി സിപിഎമ്മിന്റെ കരുത്തനായ എ.പി. കുര്യൻ. തൊഴിലാളിത്തോട്ടങ്ങളിലെ പ്രമുഖ നേതാവായിരുന്ന കുര്യനെതിരെ മത്സരിക്കാൻ പലർക്കും ഭയം തോന്നിയിരുന്നെങ്കിലും തങ്കച്ചൻ നേരിട്ട് ഇറങ്ങി. തൊഴിലാളികളുടെ ഇടയിൽ വോട്ടു തേടിയപ്പോൾ സിഐടിയു പ്രവർത്തകർ തടഞ്ഞു. സംഘർഷം ഒഴിവാക്കാൻ സമാധാനത്തോടെ മടങ്ങിയെങ്കിലും, അടുത്ത ദിവസം കൂടുതൽ പ്രവർത്തകരുമായി വീണ്ടും എത്തി പൊതുയോഗവും നടത്തി.

തിരഞ്ഞെടുപ്പിൽ തോറ്റെങ്കിലും മുൻ തിരഞ്ഞെടുപ്പുകളിൽ ആയിരങ്ങൾക്കു മുകളിൽ ഭൂരിപക്ഷം നേടിയിരുന്ന കുര്യന്റെ ഭൂരിപക്ഷം വെറും 561 വോട്ടിലേക്കു ചുരുക്കാൻ തങ്കച്ചന് കഴിഞ്ഞു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കുര്യന്റെ വീട്ടിലെത്തി ചായ കുടിച്ചും സൗഹൃദം പുതുക്കിയും പിരിഞ്ഞു. ആ സൗഹൃദം ജീവിതാന്ത്യം വരെ തുടർന്നു.

പെരുമ്പാവൂരിന്റെ വളർച്ചയ്ക്കു ഉറച്ച കൈപ്പിടി വെച്ച നേതാവിനെ നാട്ടുകാർ എന്നും ഓർക്കും.



കേരള ടൈംസ് മാനേജിങ് ഡയറക്ടറും ഫൊക്കാനയുടെ മുൻ പ്രസിഡന്റുമായ ശ്രീ. പോൾ കറുകപ്പിള്ളിൽ നൽകുന്ന അനുശോചനക്കുറിപ്പ്

പൊതു പ്രവർത്തനങ്ങളിൽ അപൂർവ്വമായ സമർപ്പണവും സൗഹൃദവും കൊണ്ടു അദ്ദേഹം തലമുറകൾക്ക് മാതൃകയായിരുന്നുവെന്ന് ഓർക്കുന്നു. സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും അദ്ദേഹം പ്രകടിപ്പിച്ച സത്യസന്ധത, ജനസമ്പർക്കം, അഹങ്കാരരഹിത സമീപനം തുടങ്ങിയവ ഒരിക്കലും മറക്കാനാവില്ല.

കോളേജ് ജീവിതം മുതൽ രാഷ്ട്രീയത്തിലും സാമൂഹ്യ രംഗത്തും അദ്ദേഹം സജീവമായിരുന്നു. കോൺഗ്രസിന്റെ ശക്തമായ നേതാവായി, വിവിധ സ്ഥാനങ്ങൾ വഹിച്ചു. പെരുമ്പാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായും, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ ചെയർമാനായും, പിന്നീട് നഗരസഭയുടെ വിവിധ പ്രധാന ഉത്തരവാദിത്തങ്ങളിലുമുള്ള പ്രവർത്തനങ്ങളിലൂടെ നാടിന്റെ പുരോഗതിക്ക് വഴിതെളിച്ചു.

പെരുമ്പാവൂരിനെ മൈനർ മുനിസിപ്പാലിറ്റിയിൽ നിന്ന് മേജർ മുനിസിപ്പാലിറ്റിയിലേക്കുയർത്തിയ മാറ്റത്തിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ദീർഘദൂരദർശിത്വവും പ്രതിബദ്ധതയും നിറഞ്ഞിരുന്നു. റോഡുകൾ, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, സാമൂഹിക ക്ഷേമ പദ്ധതികൾ എന്നിവയിൽ അദ്ദേഹം നൽകിയ സേവനങ്ങൾ പ്രദേശവാസികൾ എന്നും നന്ദിയോടെ ഓർക്കും.


കേരളത്തിലെ സാമൂഹ്യ, സാംസ്കാരിക മേഖലകളിലും അദ്ദേഹം സജീവമായിരുന്നു. സാമൂഹിക സംഘടനകളുടെ പ്രവർത്തനങ്ങൾക്കും പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന്റെ നേതൃത്വവും പിന്തുണയും ഏറെ വിലപ്പെട്ടതായിരുന്നു.

വ്യക്തിപരമായും കുടുംബസമേതവും അദ്ദേഹത്തോടുള്ള സൗഹൃദം വിലപ്പെട്ട ഓർമ്മകളായി തുടരുന്നു. വിനയവും, സൗഹൃദവും, വലിയൊരു കുടുംബ തലവനായി നിന്ന ആത്മാർത്ഥതയും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടയാളങ്ങളായിരുന്നു.

ഈ ദുഃഖവേളയിൽ കുടുംബാംഗങ്ങൾക്കും അനുയായികൾക്കും ഹൃദയത്തിൽനിന്നുള്ള അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവ് നിത്യശാന്തിയിൽ വിശ്രമിക്കട്ടെ.

– പോൾ കറുകപ്പിള്ളിൽ മാനേജിങ് ഡയറക്ടർ, കേരള ടൈംസ് മുൻ പ്രസിഡന്റ്, ഫൊക്കാന







ONAM SPECIAL 2025

ഇന്ത്യൻ ഭരണഘടനയും രാജ്യത്തിന്റെ ഭാവിയും: ഹൈബി ഈഡൻ എം.പി.

എഡിസൺ, ന്യൂജഴ്സി : ഇന്ത്യയും അമേരിക്കയും ചരിത്രത്തിലെ നിർണായക ഘട്ടത്തിലൂടെയാണെന്ന് ഹൈബി ഈഡൻ എം.പി. പറഞ്ഞു. ഭരണഘടന വിഭാവനം ചെയ്യുന്ന ആശയങ്ങളെ ഇല്ലാതാക്കാൻ ഭരണകക്ഷി ശ്രമിക്കുന്നുവെന്നും, ജനാധിപത്യവും ഭരണഘടനയും സംരക്ഷിക്കേണ്ടത് എല്ലാവരുടെയും കടമയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് തെലങ്കാന, തമിഴ്നാട്, കേരള ചാപ്റ്ററുകൾ ചേർന്ന് സംഘടിപ്പിച്ച സ്വീകരണത്തിലാണ് ഹൈബി ഈഡനും ആന്ധ്രയിലെ എം.പി. ചമല കിരൺ കുമാർ റെഡ്ഡിയും പ്രസംഗിച്ചത്. ഇരുവരും ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ സമ്മേളനത്തിൽ പങ്കെടുക്കാനായിരുന്നു അമേരിക്കയിലെത്തിയത്.

ഇന്ത്യയിലെ ഉയർന്ന താരിഫുകൾ കയറ്റുമതിക്ക് വലിയ തിരിച്ചടിയാണെന്ന് ഹൈബി ഈഡൻ ചൂണ്ടിക്കാട്ടി. തെലങ്കാനയും കേരളവും ചേർന്ന് ഏറ്റവും കൂടുതൽ സമുദ്രോത്പന്ന കയറ്റുമതി നടത്തുന്ന സംസ്ഥാനങ്ങളാണെന്നും, എട്ട് ബില്യൺ ഡോളറിലധികം മൂല്യമുള്ള കയറ്റുമതിയാണ് ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അമേരിക്കയിൽ താമസിക്കുന്ന ഇന്ത്യക്കാർ രാജ്യത്തിനും സമൂഹത്തിനും നൽകിയ സംഭാവനകൾ വളരെ വലിയതാണെങ്കിലും അത് വേണ്ട വിധം അംഗീകരിക്കപ്പെടുന്നില്ലെന്നും, ഇന്ത്യയുടെ ഭാവി സംരക്ഷിക്കാൻ പ്രവാസി സമൂഹം ജാഗ്രത പാലിക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണഘടന ഇന്ത്യയിൽ പരാജയപ്പെടുമെന്ന് വിദഗ്ധർ പ്രവചിച്ചിരുന്നെങ്കിലും, അയൽരാജ്യങ്ങൾ പരാജയപ്പെട്ടിട്ടും ഇന്ത്യ ഭരണഘടനയുടെ ശക്തിയിൽ നിലകൊണ്ടതായും അദ്ദേഹം ഓർമ്മപ്പെടുത്തി.

രാജ്യത്തിന്റെ വികസനത്തിന് അടിത്തറ കോൺഗ്രസാണ് ഒരുക്കിയതെന്നും, സെക്കുലറിസത്തിനായി പാർട്ടി തുടർന്നും പോരാടുമെന്നും ഹൈബി ഈഡൻ വ്യക്തമാക്കി. ഒരുദിവസം രാഹുൽ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി ആകുമെന്നുറപ്പാണെന്നും അദ്ദേഹം പറഞ്ഞു.

കിരൺ കുമാർ റെഡ്ഡി എം.പി. പ്രസംഗത്തിൽ, എച്ച്1 വിസയ്ക്കായി ഒരു ലക്ഷം ഡോളർ ഫീസ് ഏർപ്പെടുത്തിയ നടപടി ഇന്ത്യയിൽ വലിയ ആശങ്ക സൃഷ്ടിക്കുന്നുവെന്ന് പറഞ്ഞു. ട്രംപ് അമേരിക്കയെ ഗ്രേറ്റ് എഗൈൻ എന്ന് പറഞ്ഞപ്പോലെ, മോദിയും ഇന്ത്യയെ ഗ്രേറ്റ് എഗൈൻ എന്ന് പറഞ്ഞുവെങ്കിലും പ്രതീക്ഷിച്ച മാറ്റം ഉണ്ടായില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭരണഘടനയും തെരഞ്ഞെടുപ്പും സംരക്ഷിക്കാൻ രാഹുൽ ഗാന്ധി നടത്തുന്ന പോരാട്ടം രാജ്യത്തിന് അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമ്മേളനത്തിൽ, ദീർഘകാലം ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ സെക്രട്ടറി ജനറലായിരുന്ന അന്തരിച്ച ഹർഭച്ചൻ സിങ്ങിന് ആദരാഞ്ജലി അർപ്പിച്ചു. ഹൈബി ഈഡനും കിരൺ കുമാർ റെഡ്ഡിയും അദ്ദേഹത്തിന്റെ സമർപ്പിത സേവനങ്ങളെ ഓർത്തു. ഐഒസി യുഎസ്എയുടെ നേതാക്കൾ ഹർഭച്ചൻ സിംഗിനെ “കോൺഗ്രസിന്റെ യഥാർത്ഥ സൈനികൻ” എന്ന് വിശേഷിപ്പിച്ചു.


ഗ്ലോബൽ ചെയർമാൻ സാം പിത്രോഡയും, രാഹുൽ ഗാന്ധിയും അനുശോചന സന്ദേശങ്ങൾ അയച്ചു. ഹർഭച്ചൻ സിങ്ങിന്റെ ലാളിത്യവും സമർപ്പണവും പ്രവാസി സമൂഹത്തെ ഒന്നിപ്പിക്കുന്ന ശക്തിയുമാണ് എല്ലാവരും ചൂണ്ടിക്കാട്ടിയത്.

എഡിസൺ ആൽബർട്സ് പാലസിൽ നടന്ന സമ്മേളനത്തിൽ കേരള ചാപ്റ്ററിൽ നിന്ന് ചെയർമാൻ പോൾ കറുകപ്പള്ളി, ഡെപ്യൂട്ടി ചെയർമാൻ ആർ. ജയചന്ദ്രൻ, എൻജെ കേരള ചാപ്റ്റർ പ്രസിഡന്റ് ജെയിംസ് ജോർജ്, മുൻ പ്രസിഡന്റ് ജോസ് വലിയകല്ലുങ്കൽ, ജോസ് ചാരുംമൂട്, ജിനേഷ് തമ്പി, റോയ് ചെങ്ങന്നൂർ, ബിജു കൊമ്പശേരി, ടോം നൈനാൻ, ഡോ. ഏനു എന്നിവരും പങ്കെടുത്തു. വൈസ് പ്രസിഡന്റ് ബൽദേവ് രൺധാവ, ട്രഷറർ ജോഷ്വ ജയ് സിംഗ്, ജനറൽ സെക്രട്ടറി സോഫിയ ശർമ്മ, ഐടി ഫോക്കൽ പോയിന്റ് രാജീവ് മോഹൻ, കർണാടക ചാപ്റ്റർ പ്രസിഡന്റ് രാജീവ് ഗൗഡ, എപി ചാപ്റ്റർ പ്രസിഡന്റ് ശ്രീനിവാസ റാവു, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഇമ്രാൻ പാഷ, മറ്റ് മുതിർന്ന നേതാക്കൾ, ഐഒസി യുഎസ്എയുടെ സുഹൃത്തുക്കൾ എന്നിവരും പങ്കെടുത്തു























ONAM SPECIAL 2025



കായികം



ഏഷ്യാ കപ്പിൽ ത്രില്ലർ പോരാട്ടം; പാക്കിസ്ഥാനെ വീഴ്ത്തി ഇന്ത്യ കിരീടം സ്വന്തമാക്കി;ട്രോഫി കൈപ്പറ്റുന്നതിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു



ദുബായ് : ഏഷ്യാ കപ്പ് ഫൈനലിൽ ഹൃദയം പിടിപ്പിക്കുന്ന പോരാട്ടത്തിനൊടുവിൽ പാക്കിസ്ഥാനെ അഞ്ചു വിക്കറ്റിന് തോൽപ്പിച്ച് ഇന്ത്യ ഒൻപതാം തവണയും കിരീടം സ്വന്തമാക്കി. 147 റൺസ് വിജയലക്ഷ്യം ഇന്ത്യ 19.4 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിലാണ് മറികടന്നത്.
ആദ്യഘട്ടത്തിൽ തന്നെ മൂന്ന് വിക്കറ്റുകൾ നഷ്ടപ്പെട്ട ഇന്ത്യയെ തിലക് വർമ (53 പന്തിൽ 69*, പ്ലെയർ ഓഫ് ദ മാച്ച്)യും സഞ്ജു സാംസണും ചേർന്നുള്ള കൂട്ടുകെട്ടാണ് കരകയറ്റിയത്. തുടർന്ന് ശിവം ദുബെ (22 പന്തിൽ 33) മികച്ച പിന്തുണ നൽകിയപ്പോൾ അവസാന ഓവറിൽ റിങ്കു സിങ് ബൗണ്ടറിയിലൂടെ വിജയറൺ നേടി.
പാക്കിസ്ഥാൻ ഉയർത്തിയ 146 റൺസ് ഇന്ത്യൻ ബൗളർമാർ ഭേദപ്പെട്ട പ്രകടനത്തിലൂടെ നിയന്ത്രിച്ചു. കുൽദീപ് യാദവ് നാല് വിക്കറ്റ് നേടി പ്ലെയർ ഓഫ് ദ ടൂർണമെന്റായി തെരഞ്ഞെടുക്കപ്പെട്ടു. വരുൺ ചക്രവർത്തി, അക്ഷർ പട്ടേൽ, ജസ്പ്രീത് ബുമ്ര എന്നിവർ രണ്ട് വിക്കറ്റ് വീതം നേടി.
പാക്കിസ്ഥാന്റെ ഓപ്പണർമാരായ സാഹിബ്സാദാ ഫർഹാൻ (57) ഫഖർ സമാൻ (46) എന്നിവർ 84 റൺസ് തുറന്ന പങ്കാളിത്തം നൽകിയെങ്കിലും മധ്യനിര തകർന്നതോടെ 19.1 ഓവറിൽ 146 റൺസിൽ ടീം മുഴുവൻ പുറത്തായി. തുടക്കം വാഗ്ദാനപൂർണ്ണമായിരുന്നെങ്കിലും അവസാന ഓവറുകളിൽ 20 റൺസിനുള്ളിൽ ഏഴു വിക്കറ്റുകൾ നഷ്ടമായത് അവരെ പിന്നോട്ടു തള്ളിക്കളഞ്ഞു.
സൂര്യകുമാർ യാദവ് നായകനായ ഇന്ത്യ, 41 വർഷം പഴക്കമുള്ള ഏഷ്യാ കപ്പ് ചരിത്രത്തിൽ ആദ്യമായി ഫൈനലിൽ പാക്കിസ്ഥാനെ നേരിട്ടപ്പോഴാണ് വിജയം നേടിയത്. പാക്കിസ്ഥാൻ മുമ്പ് രണ്ട് തവണ മാത്രമേ കിരീടം നേടിയിട്ടുള്ളൂ.
ട്രോഫി കൈപ്പറ്റുന്നതിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. പിസിബി ചെയർമാനും എസിസി പ്രസിഡന്റുമായ മുഹസിൻ നഖ്വിയാണ് ട്രോഫി കൈമാറേണ്ടിയിരുന്നത്. ഇന്ത്യയ്ക്കെതിരെ നഖ്വി നൽകിയ ഐസിസി പരാതി പശ്ചാത്തലത്തിലാണ് ടീം അവാർഡ് വിതരണച്ചടങ്ങിൽ പങ്കെടുത്തില്ലെന്ന് റിപ്പോർട്ടുകൾ.

ബിസിസിഐ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് സച്ചിൻ തെൻഡുൽക്കർ?; അഭ്യൂഹങ്ങളോട് പ്രതികരിച്ച് താരത്തിന്റെ കമ്പനി



മുംബൈ• ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ) പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കറെ പരിഗണിക്കുന്നെന്ന റിപ്പോർട്ടുകൾ തള്ളി താരത്തിന്റെ മാനേജ്മെന്റ് കമ്പനി. അഭ്യൂഹങ്ങൾ അടിസ്ഥാനരഹിതമാണെന്നും ഇത്തരം പ്രചാരണങ്ങളിൽനിന്നു വിട്ടുനിൽക്കണമെന്നും സച്ചിന്റെ മാനേജ്മെന്റ് കമ്പനിയായ എസ്ആർടി സ്പോർട്സ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് വ്യക്തമാക്കി.
'മാന്യത ഒക്കെ ശരി തന്നെ, പാക്കിസ്ഥാനായിരുന്നെങ്കിൽ സൂര്യകുമാർ ഇതു ചെയ്യുമോ? ഒരിക്കൽ ചെയ്താൽ വീണ്ടും ചെയ്യേണ്ടി വരും'

''സച്ചിൻ തെൻഡുൽക്കറെ ബിസിസിഐ പ്രസിഡന്റ് സ്ഥാനത്തേക്ക് പരിഗണിക്കുന്നതായും നാമനിർദേശം ചെയ്തതായും ചില റിപ്പോർട്ടുകളും കിംവദന്തികളും പ്രചരിക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയൊരു കാര്യം നടന്നിട്ടില്ലെന്ന് വ്യക്തമായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അടിസ്ഥാനരഹിതമായ ഇത്തരം ഊഹാപോഹങ്ങളിൽനിന്ന് എല്ലാവരും വിട്ടുനിൽക്കണമെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.''– മാനേജ്മെന്റ് കമ്പനി വ്യക്തമാക്കി.

സെപ്റ്റംബർ 28ന് ബിസിസിഐയുടെ വാർഷിക പൊതുയോഗം (എജിഎം) നടക്കാനിരിക്കെയാണ് വിശദീകരണം. ബിസിസിഐ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഇന്ത്യൻ ക്രിക്കറ്റിലെ ഇതിഹാസ താരത്തെ പരിഗണിക്കുന്നതായി നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. ഇംഗ്ലണ്ടിൽ നടന്ന ടെസ്റ്റ് പരമ്പരയ്ക്കിടെ മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവുമായി അനൗദ്യോഗിക ചർച്ചകൾ നടന്നെന്നാണ് റിപ്പോർട്ടിൽ പറഞ്ഞത്. മുതിർന്ന രാഷ്ട്രീയ നേതാവാണ് താരവുമായി ചർച്ച നടത്തിയതെന്നും വിവരമുണ്ടായിരുന്നു. ഇതോടെയാണ് സച്ചിന്റെ പേര് ചർച്ചകളിൽ നിറഞ്ഞത്. ഇതാണ് ഇപ്പോൾ താരത്തിന്റെ മാനേജ്മെന്റ് കമ്പനി നിഷേധിച്ചിരിക്കുന്നത്.

ബോർഡ് പ്രസിഡന്റ്, ഇന്ത്യൻ പ്രിമിയർ ലീഗ് (ഐപിഎൽ) ചെയർമാൻ എന്നിവയടക്കമുള്ള സ്ഥാനങ്ങളിലേക്ക് വാർഷിക പൊതുയോഗത്തിൽ തിരഞ്ഞെടുപ്പ് നടക്കും. പ്രസിഡന്റായിരുന്ന റോജർ ബിന്നി രാജിവച്ചതോടെയാണ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഒഴിവുവന്നത്. നിലവിൽ രാജീവ് ശുക്ലയാണ് ബിസിസിഐ ആക്ടിങ് പ്രസിഡന്റ്. ഐപിഎൽ ചെയർമാൻ സ്ഥാനത്ത് ആറു വർഷം പൂർത്തിയാക്കിയ അരുൺ ധുമലും ഒഴിയേണ്ടി വന്നേക്കും. മുൻ ഇന്ത്യൻ ക്രിക്കറ്ററായ റോജർ ബിന്നിക്ക് ജൂലൈ 19നു 70 വയസ് തികഞ്ഞ സാഹചര്യത്തിലാണ് ഓഗസ്റ്റ് അവസാനം സ്ഥാനമൊഴിഞ്ഞത്. ബിസിസിഐ ഭരണഘടന പ്രകാരം പ്രസിഡന്റ് സ്ഥാനത്തിനു നിശ്ചയിച്ചിട്ടുള്ള പ്രായപരിധി 70 വയസ്സാണ്. ഇതോടെയാണ് ബിന്നിക്ക് സ്ഥാനമൊഴിയേണ്ടി വന്നത്

അഭിഷേക് ശർമ: ആദ്യ പന്തു മുതൽ ഇന്ത്യൻ കുതിപ്പിന്റെ 'എക്സ് ഫാക്ടർ'



ദുബായ്: യു.എ.ഇ. ഗ്രൗണ്ടുകളിൽ നടക്കുന്ന ഏഷ്യാകപ്പ് ടൂർണമെന്റിൽ പാക്കിസ്ഥാനെതിരായ സൂപ്പർ ഫോർ മത്സരത്തിൽ, ടീം ഇന്ത്യയുടെ യുവ താര അഭിഷേക് ശർമ ബാറ്റിങ് അത്ഭുതം സൃഷ്ടിച്ചു. ബാറ്റിങ് ബുദ്ധിമുട്ടുള്ള പിച്ചുകളിൽ 4 മത്സരങ്ങളിൽ 173 റൺസുമായി 208.43 സ്ട്രൈക്ക് റേറ്റ് നേടിയ അഭിഷേക്, ഇന്ത്യൻ വിജയത്തിന്റെ നിർണായക എക്സ് ഫാക്ടറായിത്തീർന്നു.
പാക്കിസ്ഥാനെതിരായ മത്സരത്തിൽ ഷഹീൻ അഫ്രീദി എറിഞ്ഞ ആദ്യ പന്തിൽ തന്നെ ബൗണ്ടറി മറികടന്ന് മനസ്സിലാക്കാൻ ബോൾസർമാർക്ക് മാനസിക ഭാരം നൽകിയത് അഭിഷേക് തന്നെയാണ്. ഇത്തരമൊരു ദൃശ്യപ്രവർത്തനത്തോടെ അദ്ദേഹം തുടക്കത്തിൽ തന്നെ ടീം ഇന്ത്യയുടെ ആവശ്യമായ റൺ നിരക്ക് ഉറപ്പാക്കാൻ സഹായിച്ചു.
അഭിഷേകിന്റെ ബാറ്റിങ് ശൈലി യുവനായിരുന്ന യുവരാജ് സിങ്ങിനോടുള്ള സമാനതകളെ മറികടന്ന്, വിഖ്യാത താരം വീരേന്ദർ സേവാഗ് പോലെയുള്ള ഹാൻഡ്-ഐ കോഓർഡിനേഷൻ ആധാരമാക്കിയ ശക്തമായ സ്ട്രോക്ക് കളിയും പ്രകടിപ്പിക്കുന്നു. ഓഫ് സ്റ്റംപിനു പുറത്തുപോകുന്ന പന്തുകൾ ഫൂട്ട്വർക്കിന് അധികമായി ആശ്രയിക്കാതെ സ്ലാഷ് ഷോട്ടുകൾ കളിച്ച് ബൗണ്ടറികൾ നേടുന്നത് അഭിഷേകിന്റെ പ്രത്യേകതയാണ്.
സ്പിന്നർമാർക്കെതിരെ സ്വീപ്പ്, ഇൻസൈഡ് ഔട്ട് ഷോട്ടുകൾ എന്നിവ അനായാസം ഉപയോഗിക്കുകയും, പേസർമാർക്കെതിരെ പുൾ, കട്ട്, ലോഫ്റ്റഡ് ഷോട്ടുകൾ ഫലപ്രദമായി കളിക്കുകയും ചെയ്യുന്നതും അഭിഷേകിന്റെ സാങ്കേതിക മികവിന്റെ തെളിവാണ്. ബാറ്റിന്റെ ഉയർന്ന ഗ്രിപ്പ്, പവർ ഷോട്ടുകളിൽ പരമാവധി ശക്തി നൽകുന്നതിൽ സഹായിക്കുന്നു.
ദുബായിൽ നിലവിലുള്ള രാജ്യാന്തര ട്വന്റി20 പിച്ചുകളിൽ ശരാശരി സ്ട്രൈക്ക് റേറ്റ് 121.6 ആയതിനിടെയാണ് അഭിഷേക് 194 സ്ട്രൈക്ക് റേറ്റിൽ കളിച്ചതും, അബുദാബി മത്സരം ഉൾപ്പെടുത്തുമ്പോൾ ഈ ടൂർണമെന്റിലെ സ്ട്രൈക്ക് റേറ്റ് 208-ഓയായി ഉയരുന്നതും ശ്രദ്ധേയമാണ്. പവർപ്ലേ ഓവറുകളിൽ അഭിഷേക് നൽകുന്ന വെടിക്കെട്ടാണ് ടീമിന്റെ തുടക്ക കുതിപ്പിനുള്ള പ്രധാന ഇൻധനം.

ONAM SPECIAL 2025

ലൈഫ് ആൻഡ് ലിംബ്"കാലിന്റെ സുവിശേഷം - ഓഗസ്റ്റ് 2025



"കോട്ടയം: കാലുകൾ നഷ്ടപ്പെട്ട ഒട്ടേറെ പേർക്ക് കൃത്രിമക്കാലുകൾ നൽകി ശ്രദ്ധേയമായ പ്രമുഖ ചാരിറ്റി സംഘടനയായ ലൈഫ് ആൻഡ് ലിംബ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് അർഹരായ 40 പേർക്ക് കൃത്രിമക്കാലുകൾ നൽകി.

2025 ഓഗസ്റ്റ് 2 ശനിയാഴ്ച ഉച്ചയ്ക്ക് 2 ന് കോട്ടയം, കുമരകത്തുള്ള ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ വച്ച് നടന്ന ഫോക്കാന (ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക) കൺവെൻഷനിൽ വെച്ച്, സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും, മാധ്യമപ്രവർത്തകരുടെയും സാന്നിധ്യത്തിലാണ് കൃത്രിമക്കാൽ വിതരണ ചടങ്ങ് നടന്നത്.

അമേരിക്കൻ മലയാളിയായ ജോൺസൺ സാമുവൽ ആണ് ഈ പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കുന്നത്.

2014 ൽ തന്റെ സ്വന്തം സാമ്പത്തികം ഉപയോഗിച്ച് 20 പേർക്ക് കൃത്രിമക്കാലുകൾ നൽകിക്കൊണ്ട് ആരംഭിച്ച ഈ സംരംഭം, പിന്നീട് സുഹൃത്തുക്കളുടെയും സഹോദരങ്ങളുടെയും സാമ്പത്തിക സഹായത്താൽ കൂടുതൽ പേർക്ക് എല്ലാവർഷവും സഹായം എത്തിക്കുവാൻ കഴിയുന്നു. ഇതുവരെ 344 ആളുകളെയാണ് ഏറ്റവും മികച്ച ഓട്ടോ ബോക്ക് എന്ന ജർമ്മൻ കമ്പനിയുടെ കൃത്രിമക്കാൽ നൽകി സഹായിച്ചത്.

കാലുവിതരണ ചടങ്ങിൽ, മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ്, ഗോപിനാഥ് മുതുകാട് (DAC Founder), അഡ്വ. വർഗീസ് മാമൻ, രാജു ഏബ്രഹാം (Ex MLA), സജിമോൻ ആന്റണി (ഫൊക്കാന പ്രസിഡന്റ്), പോൾ കറുകപ്പള്ളി (ഫൊക്കാന മുൻ പ്രസിഡന്റ്) , ഗുഡ് ന്യൂസ് പ്രീതിനിധികൾ, ജോർജ് ജോസഫ്, ഈമലയാളി, ,തുടങ്ങിയവർ പങ്കെടുത്തു.



"ചില മാസങ്ങൾക്ക് മുമ്പ്, സാന്ദർഭികമായി എന്റെ സ്നേഹിതൻ അഡ്വ. വർഗീസ് മാമൻ, ജോൺസൺ സാമുവലിനെക്കുറിച്ച് എന്നോട് സംസാരിച്ചു. ഇങ്ങിനെയും ഒരു മനുഷ്യൻ നമ്മുടെ ഇടയിൽ ഉണ്ട് എന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അത്ഭുതമായി, അങ്ങനെയാണെങ്കിൽ എനിക്കും അദ്ദേഹത്തെ ഒന്ന് കാണണമെന്ന് തോന്നി.
ഒരിക്കൽ ജോൺസൻ കേരളം സന്ദർശിക്കുമ്പോൾ വളരെ അപ്രതീക്ഷിതമായിട്ടാണ് കാല് നഷ്ടപ്പെട്ട ഒരാളെ വഴിയിൽവെച്ച് കാണുന്നത്. അന്ന് രാത്രിയിൽ തന്നെ അദ്ദേഹത്തിന് പുതിയ വെളിച്ചം ദൈവം നൽകി.



വേദപുസ്തകത്തിൽ വായിക്കുന്നു; കയീൻ അസൂയ മൂത്ത് തന്റെ ഇളയ സഹോദരനായ ഹാബേലിനെ വധിച്ചു. അതിനുശേഷം ദൈവം കായിനോട് 'നിന്റെ സഹോദരൻ എവിടെ?' എന്ന് ചോദിച്ചപ്പോൾ 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ?' എന്നാണ് കയീൻ ദൈവത്തോട് മറുചോദ്യം ചോദിച്ചത്.
എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷമാണ് ജോൺസൺ സാമുവൽ ദൈവത്തോട് തിരിഞ്ഞുനിന്ന് പറഞ്ഞത് 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണ്'. അതിന്റെ പ്രത്യക്ഷമായ അനുഭവമാണ് നാം ഇന്നിവിടെ കാണുന്നത്. ഇവിടെ നൽകപ്പെടുന്നത് കൃത്രിമക്കാലുകൾ എന്നു പറയുവാൻ പാടില്ല. ഇത് യാതൊരു കൃത്രിമങ്ങളും ഇല്ലാത്ത സ്നേഹത്തിന്റെ കാലുകളാണ്. അതുകൊണ്ടാണല്ലോ ഈ പ്രവർത്തിയെ, ചിറമേൽ അച്ചൻ 'കാലിന്റെ സുവിശേഷം' എന്നു വിശേഷിപ്പിച്ചത്. എത്രയോ മനോഹരമായ ഒരു വിശേഷണമാണ് അത്. സ്നേഹത്തിന്റെ സുവിശേഷം, കരുണയുടെ സുവിശേഷം എന്നൊക്കെ കേട്ടിട്ടുണ്ട്. എന്നാൽ ഇവിടെ കാലിന്റെ സുവിശേഷം നമ്മൾ കാണുകയാണ്.



യാതൊരു പ്രചാരണത്തിന്റെയും ആകർഷണത്തിൽ വീഴാതെ, താനും ദൈവവുമായി ഉള്ള ഒരു ഉടമ്പടിയുടെ ഭാഗമായി മാത്രം കണ്ടുകൊണ്ട്, തനിക്ക് രണ്ട് കാലും ഉള്ളപ്പോൾ ഒരു കാലിനോ രണ്ട് കാലിനോ അംഗഭംഗം വന്നിട്ടുള്ള സഹോദരങ്ങൾക്ക് നേരെ കണ്ണ് തിരിച്ച്, അവർക്ക് കൈത്താങ്ങൽ നൽകി ജോൺസൺ സാമുവൽ മാതൃകയാവുകയാണ്."ഡോ. സിറിയക് തോമസ്

കാലുകൾ നഷ്ടപ്പെട്ടവർക്ക് കൃത്രിമക്കാലുകൾ നൽകി, അവർക്ക് ചലനശേഷിയും സ്വാതന്ത്ര്യവും വീണ്ടെടുക്കുവാനും പുതിയൊരു ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കുവാനും കഴിയുന്ന ഒരു മഹത്തായ പദ്ധതിയാണ് കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി ലൈഫ് ആൻഡ് ലിംബ് ചെയ്തുവരുന്നത്.

ONAM SPECIAL 2025

അപകടങ്ങളിലും രോഗങ്ങളിലും പെട്ട് കാലുകൾ നഷ്ടപ്പെട്ട നിർധനരും അശരണരും ആയ 40 പേരെയാണ് ലൈഫ് ആൻഡ് ലിംബ് ഈ വർഷം പുതു ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റിയത്. കേരളം, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നും ഉള്ളവരാണ് ഇത്തവണ കാലുകൾ സ്വീകരിച്ചത്.
അവരിൽ പലരുടെയും അനുഭവങ്ങൾ മനുഷ്യഹൃദയങ്ങളെ നൊമ്പരപ്പെടുത്തുന്നതായിരുന്നു. ഇവരെല്ലാം രണ്ടുകാലിൽ ഓടി നടന്നവരാണ്. പെട്ടെന്നൊരു ദിവസം നിനച്ചിരിക്കാത്ത നേരത്ത് ഓട്ടം നിലച്ച്, അവഗണനയുടെ തുരുത്തിൽ ഒറ്റപ്പെടുമ്പോൾ ജീവിക്കുവാനുള്ള ആഗ്രഹം പോലും അവർക്ക് നഷ്ടമാകുന്നു.

പതുക്കെ നീങ്ങിത്തുടങ്ങിയ ട്രെയിനിൽ നിന്ന് പ്ലാറ്റ്ഫോമിലേക്ക് ഇറങ്ങുവാൻ ശ്രമിക്കുമ്പോഴാണ് 30 കാരനായ വിനോദിന്റെ ജീവിതം മാറ്റിമറിച്ച അപകടം ഉണ്ടായത്. കാലു വഴുതി ട്രെയിനിന്റെ അടിയിലേക്ക് വീണ വിനോദിന്റെ ഇരുകാലുകളുടേയും മുട്ടിനു മുകളിൽ കൂടി ട്രെയിനിന്റെ ചക്രങ്ങൾ കയറിയിറങ്ങി.
ലൈഫ് ആൻഡ് ലിംബിലേക്ക് പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പേഷ്യൻസിന്റെ സ്ഥിതിഗതികൾ വിലയിരുത്തുവാൻ പ്രസ്ഥാനത്തിന്റെ പ്രതിനിധി വീട്ടിലെത്തിയപ്പോഴാണ് ദുരന്തത്തിന്റെ യാഥാർത്ഥ്യം ബോധ്യമായത്. ആരോ അയാളെ എടുത്ത് വീടിന്റെ തിണ്ണയിൽ ഇരുത്തിയിരിക്കുന്നു. രണ്ടു കാലുകളും മുട്ടിനു മുകളിൽ വച്ച് നഷ്ടപ്പെട്ട അയാളുടെ മുഖത്ത് ഇപ്പോൾ സ്ഥായിയായ നിസ്സംഗത മാത്രം. ജീവിതത്തെ കുറിച്ചുള്ള പ്രതീക്ഷയുടെ ഒരു കണിക പോലും അയാളുടെ ഉള്ളിൽ ശേഷിച്ചിരുന്നില്ല.



രണ്ടാം തീയതിയിലെ പ്രോഗ്രാമിൽ ലൈഫ് ആൻഡ് ലിംബിൽ നിന്നും ലഭിച്ച രണ്ട് കാലുകൾ ഊന്നി നിൽക്കുമ്പോൾ നഷ്ടപ്പെട്ടുപോയ പുഞ്ചിരി വിനോദിന്റെ ചുണ്ടിൽ തിരികെ എത്തിയിരുന്നു. കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ നക്ഷത്രത്തിളക്കം. പുതു ജന്മത്തിലേക്ക്പിറന്നുവീണ വിനോദ് അവിടെയാകെ പിച്ചവെച്ച് നടന്നു.



"പ്രസംഗത്തിലൂടെയല്ല പ്രവർത്തിയിലൂടെയാണ് തന്റെ കർമ്മം നിർവഹിക്കേണ്ടത് എന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ് ജോൺസൺ സാമുവേലും കുടുംബവും. ജീവിതത്തിൽ എന്തുതന്നെ നേടിയാലും മടങ്ങി പോകുമ്പോൾ അതെല്ലാം ഇവിടെ ഉപേക്ഷിക്കേണ്ടിവരും."
അലക്സാണ്ടർ ചക്രവർത്തിയുടെ ജീവിതം അതിന് ഉദാഹരണമാണ്.
നമ്മുടെ ജീവിതത്തിലൂടെ നേടുന്നതെല്ലാം മറ്റുള്ളവരുടെ നന്മയ്ക്കായി സ്വാർത്ഥതയില്ലാതെ ഉപയോഗിക്കുന്നതാണ് ജീവിതത്തിന്റെ ഔന്നത്യം. ജോൺസൺ സാമുവൽ അതിന്റെ ഉത്തമ മാതൃകയാണ്."
ഗോപിനാഥ് മുതുകാട്

ചുമട്ടു തൊഴിലാളിയായ ഹരിദാസിന്റെ അഞ്ചു വയസുകാരിയായ മകൾ നല്ലൊരു നർത്തകി കൂടിയാണ്. അച്ഛന് കാല് ഫിറ്റ് ചെയ്തു കൊണ്ടിരിക്കുമ്പോൾ, ലൈഫ് & ലിംബ് ഫിറ്റിങ് റൂമിന്റെ ഗ്ലാസ്സ് ഡോറിലൂടെ അവൾ അകത്തേക്ക് ആശ്ചര്യത്തോടെ നോക്കി നിന്നു. പെട്ടെന്നവൾ തുള്ളിച്ചാടാനും ആഹ്ലാദ ശബ്ദങ്ങൾ പുറപ്പെടുവിക്കുവാനും തുടങ്ങി. അപകടത്തിൽ വലതുകാൽ നഷ്ടപ്പെട്ട അച്ഛൻ നടക്കുന്നത് അവളുടെ ഓർമ്മയിൽ നിന്നും മാഞ്ഞു പോയിരുന്നു. രണ്ടു കാലുകളിൽ അവളുടെ പ്രിയപ്പെട്ട അച്ഛൻ നടക്കുന്നത്, ആദ്യമായി കണ്ടപ്പോൾ ആഹ്ലാദം അടക്കുവാൻ കഴിയാതെ, അവൾ നൃത്തം ചവിട്ടുവാൻ തുടങ്ങി, ആ കുഞ്ഞുമേനി തളരുന്നത് വരെ.





ONAM SPECIAL 2025

ഇതൊരു സാധാരണ ചടങ്ങല്ല, ജീവിതത്തിലേക്കുള്ള തിരിച്ചുവരവാണ്. ആയിരക്കണക്കിന് പരിപാടികളിൽ പങ്കെടുക്കുന്നവരാണ് ഞങ്ങൾ പൊതുപ്രവർത്തകരും രാഷ്ട്രീയക്കാരും. എന്നാൽ ഇവിടെ ഉണ്ടായിരിക്കുന്ന അന്തരീക്ഷം അതിൽ നിന്നും വളരെ വ്യത്യസ്തമാണ്.
ഒരു ജീവിതത്തിലേക്കാണ് നമ്മുടെ പ്രിയപ്പെട്ടവരെ ജോൺസൺ സാമുവേലും അദ്ദേഹത്തോടൊപ്പമുള്ള ടീമും മടക്കിക്കൊണ്ടു വരുന്നത്. ഇനിയും അദ്ദേഹത്തിന് എത്രയോ ദൂരം മുന്നോട്ടു പോകുവാൻ ഉണ്ട് എന്നറിയുമ്പോൾ വീണ്ടും അഭിനന്ദിക്കാതിരിക്കുവാൻ വയ്യ."
ഈ വലിയ മനസ്സിന്റെ ഉടമയായ ജോൺസൺ സാമുവലിന്റെ ഒരു സുഹൃത്തായി മാറാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു."
രാജു എബ്രഹാം Ex MLA



ഒരു വർഷം മുമ്പ് റോഡ് ആക്സിഡന്റിലാണ് നിധിൻ കുമാറിന്റെ രണ്ട് കാലുകളും നഷ്ടപ്പെട്ടത്. അതോടെ തന്റെ കുടുംബം അയാളെ ഉപേക്ഷിച്ചു പോയി. തീർത്തും ഒറ്റപ്പെട്ട് ഒരു മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന നിധിനെ തേടി ലൈഫ് ആൻഡ് ലിംബിന്റെ സഹായം എത്തി. നഷ്ടപ്പെട്ട ജീവിതം തിരിച്ചുപിടിക്കും എന്ന ആത്മവിശ്വാസത്തോടെയാണ് അയാൾ പരസഹായം കൂടാതെ പ്രോഗ്രാം നടന്ന ഹാളിൽ നിന്നും പുറത്തേക്ക് നടന്നുപോയത്.

ബൈക്ക് റൈഡിങ്ങിൽ ക്രേസ് ആയിരുന്ന മുഹമ്മദ്, ഫുട്പാത്തിൽ വെറുതെ നിൽക്കുമ്പോഴാണ് നിയന്ത്രണം വിട്ടു വന്ന ഒരു കാർ തന്നെ ഇടിച്ചുതെറിപ്പിച്ചത്. ഇടതുകാൽ മുട്ടിനു മുകളിൽ വച്ച് നഷ്ടപ്പെട്ടത് ആയിരുന്നില്ല അയാളുടെ സങ്കടം. ഇനിയൊരിക്കലും ബൈക്ക് ഓടിക്കുവാൻ കഴിയുകയില്ലല്ലോ എന്നോർത്തായിരുന്നു അയാൾ നടുവീർപ്പിട്ടത്. അപകടത്തിനുശേഷം ആദ്യമായി, ലൈഫ് ആൻഡ് ലിംബ് കൊടുത്ത കാലുമായി ബൈക്ക് ഓടിച്ചപ്പോൾ ലോകം കീഴടക്കിയ സന്തോഷമായിരുന്നു മുഹമ്മദിന്റെ മുഖത്ത്.



ഓഗസ്റ്റ് 2 ശനിയാഴ്ച, ഉച്ചകഴിഞ്ഞ് നടന്ന ലൈഫ് ആൻഡ് ലിബിന്റെ ചടങ്ങിൽ, പ്രവീൺ, കിരൺ, പ്രസാദ്, ഷീജ, ഏഴ് വയസ്സുകാരി നക്ഷത്ര, ഇങ്ങനെ പോകുന്നു രണ്ട് കാലുകളിൽ അഭിമാനത്തോടെ തലയുയർത്തി നിന്നവരുടെ പട്ടിക.

ഈ വർഷം രണ്ട് ഘട്ടമായി കാലുകൾ നൽകാനായിരുന്നു പദ്ധതി. അതിന്റെ ആദ്യ ഘട്ടമാണ് ഓഗസ്റ്റ് 2 ന് കുമരകത്ത് നടന്ന ഫോക്കാന കൺവെൻഷനിൽ വെച്ച് കാലുകൾ നൽകിയത്.
ജോൺസൺ സാമുവേലിനെ കൂടാതെ ഇതിനു വേണ്ടി പ്രധാനമായും സാമ്പത്തിക പിന്തുണ നൽകുന്നവർ ഫിന്നി ജോസഫ്, ജോയ് മേക്കാട്ട്, പ്രിൻസ്, അങ്ങനെ പലരുണ്ട്, എല്ലാവർക്കും നന്ദി. ഈ പദ്ധതിയുടെ കോഓർഡിനേറ്ററായി കോശി വർഗ്ഗീസും, എല്ലാവിധ പിന്തുണയുമായി അദ്ദേഹത്തിന്റെ പത്നി സൂസമ്മ കോശിയും പ്രവർത്തിക്കുന്നു. ക്ലിനിക് മാനേജരും, Patients കോർഡിനേറ്റർ ആയും ജോളി ജോൺ, ബാംഗ്ലൂർ വിശ്സ്തയോടെ സേവനമിനിഷ്ഠിക്കുന്നു.

ജോൺസൺ സാമുവൽ എന്ന നല്ല ശമര്യക്കാരനെ ഞാൻ കഴിഞ്ഞ സെപ്റ്റംബറിൽ ആണ് പരിചയപ്പെടുന്നത്. ന്യൂയോർക്കിൽ ശ്രീ പോൾ കറുകപ്പള്ളി ഒരുക്കിയ സ്നേഹവിരുന്നിൽ പങ്കെടുക്കുമ്പോഴാണ് ജോൺസൻ എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചത്.
അമേരിക്കയിലെ എല്ലാവരുടെയും വീടുകൾ വലുതാണ്.
ഏക്കർ കണക്കിന് ഭൂമിയുടെ നടുവിൽ ഉള്ള ഒരു വീടാണ് ജോൺസൺ സാമുവലിന്റെത്. പക്ഷേ ഡോർ തുറന്ന് അകത്തേക്ക് കയറിയപ്പോൾ ഞാൻ ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ ഡ്രോയിങ് റൂമിലെ ഭിത്തിയിൽ, നാലു മാസങ്ങൾ കഴിയുമ്പോൾ കാലു കൊടുക്കാൻ പോകുന്ന 100 പേരുടെ ചിത്രങ്ങൾ പതിച്ചിരുന്നു. അക്ഷരാർത്ഥത്തിൽ നമ്മളെ സ്തബ്ധരാക്കുന്ന കാഴ്ച.
ഇത് എന്താണെന്ന് ചിന്തിച്ച് അത്ഭുതത്തോടെ നിൽക്കുമ്പോഴാണ് ജോൺസൺ സാമുവൽ പറഞ്ഞത്, ഇതൊക്കെ എന്റെ സഹോദരങ്ങളാണ്, ഇവർക്കെല്ലാം ഏതെങ്കിലും വിധത്തിൽ ഒരു കാലോ, രണ്ടു കാലുകളോ നഷ്ടപ്പെട്ടവരാണ്. അവരാണ് 'ഈ വർഷത്തെ എന്റെ പ്രാർത്ഥന'. സത്യത്തിൽ ഈശ്വരസാന്നിധ്യം നേരിട്ടറിഞ്ഞ നിമിഷങ്ങൾ ആയിരുന്നു ആ ഭവനത്തിന്റെ കവാടത്തിൽ നിൽക്കുമ്പോൾ എനിക്ക് അനുഭവപ്പെട്ടത്. അപ്പോൾ തന്നെ ഞാൻ മനസ്സിൽ കുറിച്ചു ഇദ്ദേഹമാണ് യഥാർത്ഥ 'നല്ല ശമര്യക്കാരൻ'. അന്നുതൊട്ട് ഞാൻ അദ്ദേഹത്തെ ഫോളോ ചെയ്യുകയായിരുന്നു."
അഡ്വ. വർഗീസ് മാമൻ

തമിഴ്നാട്ടുകാരനായ മഹേന്ദ്രയും ആന്ധ്രയിൽ നിന്നുള്ള ജഗദീഷ് ബാബുവും, ക്യാൻസർ ബാധിച്ച് കാലു മുറിക്കേണ്ടി വന്ന 30കാരനായ നിജിനും സന്തോഷത്താൽ കണ്ണ് നിറച്ചു കൊണ്ട് നിന്നത് വേറിട്ട കാഴ്ചയായിരുന്നു.







ONAM SPECIAL 2025

മാവേലിക്കര, വെട്ടിയാറിൽ ലൈഫ് ആൻഡ് ലിംബ് എന്ന പേരിൽ പ്രവർത്തിക്കുന്ന ക്ലിനിക്കിൽ കാലുകൾ നഷ്ടപ്പെട്ടവർക്ക് കൂടുതൽ മികച്ച സേവനം നൽകി വരുന്നു.
വിദ്യ വിജയൻ (പ്രൊസ്തെറ്റിസ്റ്റ്), അരിഹരസുതൻ (സീനിയർ ടെക്നീഷ്യൻ), രാജലക്ഷ്മി (അസിസ്റ്റന്റ് ടെക്നീഷ്യൻ) എന്നിവരാണ് ക്ലിനിക്കൽ ടീം അംഗങ്ങൾ. പ്രവർത്തിക്കുന്നു.



"കാലുകൾ നഷ്ടപ്പെട്ടവർക്ക് ജീവിതം തിരിച്ചു പിടിക്കുവാനുള്ള ഒരു വലിയ പ്രതീക്ഷയാണ് ഇന്ന് ഇവിടെ നടന്നത്. ഇത് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ മാത്രമല്ല, അവരുടെ കുടുംബങ്ങളിലും സമൂഹത്തിലും അതിശയകരമായ മാറ്റങ്ങൾ സൃഷ്ടിക്കും.
ഇന്ന് ഇവിടെ നിന്ന് പുറത്തു പോകുന്ന ഓരോരുത്തരും അവരുടെ കാലിൽ വീണ്ടും നിലകൊള്ളുവാൻ തുടങ്ങും. പക്ഷേ, ഇന്നിവിടെ ഇല്ലാത്ത നിരവധി പേർ ഇപ്പോഴും നമ്മുടെ സഹായത്തിനായി കാത്തിരിക്കുന്നു. നമ്മളിൽ ഓരോരുത്തരും ഹൃദയപൂർവ്വം പരിശ്രമിക്കുകയും, ഇത്തരം ആളുകളുടെ നേരെ ഒരു കരം നീട്ടി കൊടുക്കുകയും ചെയ്താൽ, നാം ലോകത്തിന് വലിയൊരു പ്രതീക്ഷ ആയിരിക്കും നൽകുവാൻ പോകുന്നത്.
നിങ്ങൾ നീട്ടുന്ന ഒരു കൈ സഹായം ഒരു ജീവിതത്തെ തന്നെ മാറ്റിമറിച്ചേക്കാം"
ജോൺസൺ സാമുവൽ, ലൈഫ് & ലിംബ് സ്ഥാപകൻ

"അടുത്ത തവണയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു കഴിഞ്ഞു. തീരെ നിർധനരായ ആളുകളും, കാല് വെച്ച് നടക്കുവാൻ ആരോഗ്യമുള്ളവരുമായ അപേക്ഷകരെയാണ് പരിഗണിക്കുന്നത്. ഇത്തരത്തിലുള്ള ആവശ്യക്കാർക്ക്, www.lifeandlimbs.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നമ്പർ: 479 299 8836/ 8921168787"

PARK FUNERAL CHAPELS
Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM
GARDEN CITY PARK, NY 11040
T: (516) 747-4300

For magazine, online and newspaper advertising please contact
Paul Karukappillil
+1(845) 553-5671 (USA)
+918547730600 (India)

ONAM SPECIAL 2025

ട്രംപ് തുറന്നുപറഞ്ഞു: റഷ്യൻ എണ്ണ വാങ്ങലാണ് ഇന്ത്യയ്ക്കെതിരായ 50% തീരുവയ്ക്ക് പിന്നിൽ



വാഷിങ്ടൺ : റഷ്യയില്നിന്നുള്ള എണ്ണ ഇറക്കുമതിയാണ് ഇന്ത്യയ്ക്കെതിരെ 50 ശതമാനം തീരുവ ഏര്പ്പെടുത്തിയതിന് കാരണം എന്ന് അമേരിക്കന് പ്രസിഡന്റ് ഡോണള്ഡ് ട്രംപ് തുറന്നു സമ്മതിച്ചു. ഒരു ടിവി അഭിമുഖത്തില് സംസാരിക്കുമ്പോഴായിരുന്നു ട്രംപിന്റെ വെളിപ്പെടുത്തല്.

“റഷ്യയില്നിന്ന് എണ്ണ വാങ്ങുന്നതിനാലാണ് ഇന്ത്യയ്ക്കെതിരെ തീരുവ ചുമത്തിയത്. അത് എളുപ്പമുള്ള തീരുമാനമായിരുന്നില്ല,” എന്നാണ് ട്രംപ് വ്യക്തമാക്കിയത്. ഇന്ത്യയാണ് റഷ്യയില്നിന്ന് ഏറ്റവും കൂടുതല് എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യമെന്നും, ഇതാണ് ബന്ധങ്ങളില് ഭിന്നതയ്ക്ക് കാരണമായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യ-അമേരിക്ക വ്യാപാരബന്ധം വഷളാക്കുന്ന ഈ നീക്കത്തെ തുടർന്ന്, ന്യൂഡല്ഹിയിലെ അമേരിക്കന് അംബാസഡറായി നിയമിതനായ സെർജിയോ ഗോർ “ഇന്ത്യയെ യുഎസില്നിന്ന് അകറ്റിക്കളയാതിരിക്കാനുള്ള നടപടികള്ക്ക് മുന്ഗണന നല്കും” എന്ന നിലപാട് വ്യക്തമാക്കിയിരുന്നു. വ്യാപാര തടസ്സങ്ങള് പരിഹരിക്കുന്നതിനായി ചർച്ചകള് പുരോഗമിക്കുകയാണെന്നും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ടുള്ള സംവാദത്തിനും താന് തയ്യാറാണെന്നും ട്രംപ് നേരത്തെ പറഞ്ഞിരുന്നു.

.

ആദ്യം ഇന്ത്യയില്നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ഏര്പ്പെടുത്തിയിരുന്നു. ഇത് ഓഗസ്റ്റ് ആദ്യവാരം മുതല് പ്രാബല്യത്തില് വന്നു. തുടർന്ന് റഷ്യയില്നിന്നുള്ള എണ്ണ വാങ്ങലിനെതിരെ “ശിക്ഷയായി” വീണ്ടും 25 ശതമാനം കൂട്ടി. ഇതോടെ ഓഗസ്റ്റ് 27 മുതല് മൊത്തം 50 ശതമാനമായി തീരുവ ഉയർന്നു. ശക്തമായ പ്രതികരണമാണ് ഇന്ത്യ ഈ നീക്കത്തിനെതിരെ രേഖപ്പെടുത്തിയത്

വാഴപ്പഴം കേടുകൂടാതെ കൂടുതൽ ദിവസം സൂക്ഷിക്കാം; ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി

നമ്മുടെ വീടുകളില് ഏറ്റവും കൂടുതല് ഉപയോഗിക്കുന്ന പഴങ്ങളില് ഒന്നാണ് വാഴപ്പഴം. വളരെ സുലഭമായി ലഭിക്കുന്ന ഒന്നുമാണിത്. എന്നിരുന്നാലും, ഇത് വളരെ വേഗത്തില് തവിട്ടുനിറമാകുകയോ പെട്ടെന്ന് പഴുത്ത് ചീഞ്ഞു പോകുകയോ ചെയ്യുന്നതിനാല് പലരും ബുദ്ധിമുട്ടുന്നു. വാഴപ്പഴം കൂടുതല് നേരം പുതുമയോടെ സൂക്ഷിക്കുന്നതിനുള്ള വഴികള് നാം അന്വേഷിക്കാറുണ്ട്.

വാഴപ്പഴം എങ്ങനെ പഴുക്കുന്നുവെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ച് കാര്യങ്ങള് നീക്കുകയുമാണ് കൃത്യമായ പോംവഴി. ഇതിനായി വലിയ വിലയുള്ള റഫ്രിജറേറ്ററുകളോ അനുബന്ധ ഉപകരണങ്ങളോ ആവശ്യമില്ല. ലളിതമായ രീതികള് മാത്രം മതി. പഴുപ്പ് വേഗത്തിലാക്കുന്ന പ്രകൃതിദത്ത ഹോര്മോണായ എഥിലീന് വാതകം വാഴപ്പഴം ഉത്പാദിപ്പിക്കുന്നു.

ഈ പ്രക്രിയ സ്വാഭാവികമാണെങ്കിലും, വാഴപ്പഴം ചൂട്, ഈര്പ്പം അല്ലെങ്കില് എഥിലീന് ഉല്പ്പാദിപ്പിക്കുന്ന മറ്റ് പഴങ്ങളുടെ കൂടെ വെക്കുന്നത് ഒക്കെ പ്രക്രിയയുടെ വേഗം കൂട്ടാന് കാരണമാവുന്നു. ഈ ഘടകങ്ങള് കൈകാര്യം ചെയ്യുന്നതിലൂടെ, നിങ്ങള്ക്ക് പഴുക്കുന്ന പ്രക്രിയ മന്ദഗതിയിലാക്കാനും കുറച്ച് ദിവസത്തേക്ക് പകരം നിരവധി ദിവസങ്ങളില് വാഴപ്പഴം കേടുകൂടാതെ സൂക്ഷിക്കാനും കഴിയും.

വാഴപ്പഴം ഫലപ്രദമായി സൂക്ഷിക്കുന്നതിന്, നേരിട്ട് സൂര്യപ്രകാശം ഏല്ക്കാത്ത തണുത്തതും വരണ്ടതുമായ സ്ഥലത്ത് അവയെ സൂക്ഷിക്കുക. ഓവനുകള് അല്ലെങ്കില് ജനാലകള് പോലുള്ളവയ്ക്ക് സമീപം അവ വയ്ക്കുന്നത് ഒഴിവാക്കുക. പഴുക്കുന്നത് കൂടുതല് മന്ദഗതിയിലാക്കാന്, തണ്ടുകള് പ്ലാസ്റ്റിക് അല്ലെങ്കില് ഫോയില് കൊണ്ട് പൊതിയുന്നത് സഹായിക്കും.



ആപ്പിള്, അവോക്കാഡോ, തക്കാളി തുടങ്ങിയ പല പഴങ്ങളും ഉയർന്ന അളവില് എഥിലീന് വാതകം ഉത്പാദിപ്പിക്കുന്നു. ഇത് സമീപത്തുള്ള വാഴപ്പഴങ്ങള് പാകമാകുന്നത് ത്വരിതപ്പെടുത്തുന്നു. വാഴപ്പഴം പെട്ടെന്ന് തവിട്ടുനിറമാകുന്നത് തടയാന്, ഈ എഥിലീന് ഉല്പ്പാദിപ്പിക്കുന്ന പഴങ്ങളില് നിന്ന് പ്രത്യേകം മാറ്റി സൂക്ഷിക്കുക. ഇങ്ങനെ സൂക്ഷിക്കുന്നത് പഴത്തിന് ചുറ്റും മികച്ച വായുസഞ്ചാരം നല്കുകയും, പഴുപ്പ് കൂടുതല് മന്ദഗതിയിലാക്കുകയും ചെയ്യുന്നു. മുറിയിലെ താപനിലയില് പ്ലാസ്റ്റിക് ബാഗുകളില് വാഴപ്പഴം സൂക്ഷിക്കുന്നതും ഒഴിവാക്കുക, കാരണം ഈര്പ്പം അടിഞ്ഞുകൂടുന്നത് തവിട്ടുനിറമാകുന്നതിന് കാരണമാകും.

വാഴപ്പഴം ഒരു ഹാങ്ങറിലോ കൊളുത്തിലോ തൂക്കിയിടുന്നത് ചതവ് തടയുന്നതിനുള്ള ഫലപ്രദമായ മാര്ഗമാണ്. പരന്ന പ്രതലങ്ങളിൽ വാഴപ്പഴങ്ങളില് മര്ദ്ദം വര്ദ്ധിക്കാന് സാധ്യതയുണ്ട്. പഴത്തിന്റെ നിറം പെട്ടെന്ന് മാറുന്നതിന് കാരണമാകും. തൂക്കിയിടുന്നത് പഴത്തിന് ചുറ്റും വായു തുല്യമായി സഞ്ചരിക്കാന് കാരണമാകുന്നു. ഇത് കൂടുതല് നേരം പഴത്തെ ഉറച്ചതും പുതുമയുള്ളതുമായി നിലനിർത്തുന്നു.

പഴുത്ത വാഴപ്പഴം ഫ്രീസ് ചെയ്യാന് അനുയോജ്യമാണ്. തൊലി കളഞ്ഞ് വായു കടക്കാത്ത പാത്രത്തിലോ ഫ്രീസർ ബാഗിലോ സൂക്ഷിക്കുക. ശീതീകരിച്ച വാഴപ്പഴം സ്മൂത്തികള്, ബേക്കിങ് അല്ലെങ്കില് ഫ്രോസണ് ലഘുഭക്ഷണമായി ഉപയോഗിക്കാന് ഉത്തമമാണ്. കൂടാതെ അവ മാസങ്ങളോളം അവയുടെ പോഷകമൂല്യം നിലനിർത്തുന്നു. വാഴപ്പഴം പാഴാക്കാതെ ഏറ്റവും മികച്ച രീതിയില് സൂക്ഷിക്കാൻ ഈ ചെറിയ നുറുങ്ങുകൾ നിങ്ങളെ സഹായിക്കുന്നു.



Nihara Resort & Spa, Kadamakudy, Kochi
www.nihararesort.com
+91 97463 33842
info@nihararesort.com

ONAM SPECIAL 2025

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

National Life Group®
Experience Life®

Aflac



SHIRLEY JOHN, PT PhD
LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)
914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM

Free Consultation

NLG - For all your Life, Annuity, and IRA needs.
- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans

Aflac – For your company's supplemental insurance




21 CENTURY 21 ROYAL

BUYING AND SELLING
LICENSED IN NY & CT
Commitment and Exceptional Service

JITHIN VARGHESE
Associate Real Estate Broker
914 406 3873
jithin@century21royal.com
www.century21.com
697 Central Park Avenue
Scarsdale, NY 10583



Salkara
AUTHENTIC INDIAN RESTAURANT
NOW TAKE OUT ONLY
നാടൻ കപ്പ ബിരിയാണി
KAPPA BIRIYANI
Explore the Rich Flavors of Tandoori Cuisine
TODAY SPECIAL MENU
Kappa Biriyani
Chicken Dum Biriyani (Thalassery Special)
Thattukada Chicken Fry
Chicken Curry
Tandoori Chicken
Chicken Malai Kebab
Chicken Tikka
Chicken Hariyali Kebab
Tandoori Mix Kebab
Chilli Chicken
Chicken Roast
Beef Fry
Beef Curry
Fish Tawa Fry
Fish Curry
Kappa
Paratha
Chapati
Naan
Snacks also Available
OPENING HOURS: Every Day 11.30am to 9pm
We Accept Pre-Orders
551-346-5993 | 551 221-3753
209 W Route 59, Nanuet, New York 10954



The Finest in Indian Cuisine
SPICE & VILLAGE
FREE DELIVERY
GIFT CERTIFICATES AVAILABLE
ALL-YOU-CAN-EAT LUNCH BUFFET $10.95 MONDAY-FRIDAY
$15.95 SAT. & SUN. 7 DAYS. 12PM-2.30PM ONLY
SPICE & VILLAGE
8 Columbus Ave. Tuckahoe . (914) 779-5400
(914) 340-8415 . Spicevillageny.com
Indoor & Outdoor Catering Services



SECURECASH
Cash Management Simplified
astest growing cash logistics provider in the New York metro regio
- Armored Cash-In-Transit
- ATM Servicing & Balancing
- Currency Processing
- Cash Buy & Sell Services
- Bank Inventory Services
- SmartSafe Sales and Service
- S&G and Cencon (Kaba) Lock sales
718-473-0959
www.securecashllc.com

ONAM SPECIAL 2025

യു.എന്നിൽ സ്വതന്ത്ര പലസ്തീൻ പ്രമേയത്തിന് ഇന്ത്യയുടെ പിന്തുണ; അനുകൂലമായി 142 രാജ്യങ്ങൾ



ന്യൂഡല്ഹി : ഫ്രാന്സ് മുന്നോട്ടുവച്ച സ്വതന്ത്ര പലസ്തീനെ അംഗീകരിക്കുന്ന പ്രമേയത്തിന് ഇന്ത്യയടക്കം 142 രാജ്യങ്ങള് പിന്തുണ നല്കി. ഗാസയിലെ യുദ്ധം അവസാനിപ്പിക്കണമെന്നും, ഇസ്രയേല്-പലസ്തീന് സംഘര്ഷത്തിന് സമാധാനപരവും ശാശ്വതവുമായ പരിഹാരം കണ്ടെത്തണമെന്നും, മേഖലയിലെ ജനങ്ങള്ക്ക് മികച്ച ഭാവി ഒരുക്കണമെന്നും ആവശ്യപ്പെട്ടാണ് പ്രമേയം മുന്നോട്ടുവന്നത്.

പലസ്തീന് പ്രശ്നം സമാധാനപരമായി പരിഹരിക്കാനും ദ്വിരാഷ്ട്ര പരിഹാരം നടപ്പിലാക്കാനും ന്യൂയോര്ക്ക് പ്രഖ്യാപനത്തെ അംഗീകരിക്കുന്ന ഈ പ്രമേയത്തെ യുഎസ്, ഇസ്രയേല്, അര്ജന്റീന അടക്കം 10 രാജ്യങ്ങള് എതിര്ത്ത് വോട്ടു ചെയ്തു. 12 രാജ്യങ്ങള് വോട്ടെടുപ്പില് നിന്ന് വിട്ടുനിന്നു.

ഗാസയിലെ ഇസ്രയേല് ആക്രമണത്തിന്റെ പശ്ചാത്തലത്തില് ഫ്രാന്സ്, ഓസ്ട്രേലിയ, ജര്മനി, സ്പെയിന് ഉള്പ്പെടെയുള്ള രാജ്യങ്ങളും സ്വതന്ത്ര പലസ്തീനെ അംഗീകരിച്ച് അനുകൂലമായി വോട്ടു രേഖപ്പെടുത്തി. വീറ്റോ അധികാരം ഉപയോഗിച്ച് യുഎസ് എതിർത്തതിനാൽ പ്രമേയം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടില്ലെങ്കിലും പൊതുസഭയില് അത് പാസായി.

യു.എന് വേദിയില് ഗാസ വിഷയത്തില് പതിവായി വിട്ടുനില്ക്കുന്ന നിലപാടാണ് ഇന്ത്യ ഇതുവരെ സ്വീകരിച്ചിരുന്നത്. എന്നാല് ഇത്തവണ പതിവുതെറ്റിച്ച് ഇന്ത്യ വ്യക്തമായി അനുകൂല വോട്ട് രേഖപ്പെടുത്തി. കഴിഞ്ഞ മൂന്ന് വര്ഷത്തിനിടെ ഗാസ വിഷയവുമായി ബന്ധപ്പെട്ട നാലു വോട്ടെടുപ്പുകളില് ഇന്ത്യ വിട്ടുനിന്നിരുന്നു.

ഗള്ഫ് മേഖലയില്പ്പെട്ട അറബ് രാജ്യങ്ങള് മുഴുവന് ഫ്രാന്സ് മുന്നോട്ടുവച്ച പ്രമേയത്തെ ഒറ്റക്കെട്ടായി പിന്തുണച്ചു.

കാനഡയിൽ വിദ്യാർത്ഥി വിസ, വർക്ക് പെർമിറ്റ് അപേക്ഷകൾക്ക് കർശന നിയന്ത്രണം; ഇന്ത്യൻ വിദ്യാർത്ഥികളിൽ ആശങ്ക



ന്യൂഡല്ഹി : വിദേശ വിദ്യാഭ്യാസവും ജോലിയുമെല്ലാം ഇന്ത്യയിലെ യുവാക്കളില് വലിയൊരു ശതമാനം ആളുകളുടെ സ്വപ്നമാണ്. എന്നാല്, ഒരിക്കല് കുടിയേറ്റക്കാര്ക്കും വിദ്യാര്ത്ഥികള്ക്കും തൊഴിലാളികള്ക്കും ഏറ്റവും സ്വാഗതാര്ഹമായ രാജ്യങ്ങളില് ഒന്നായി കണക്കാക്കപ്പെട്ടിരുന്ന കാനഡയില് ഇപ്പോള് കാര്യങ്ങള് മാറിമറിയുകയാണ്.

2025 ജനുവരി മുതല് ഏപ്രില് വരെ വിദ്യാര്ത്ഥി വിസ അപേക്ഷകളില് വെറും 43 ശതമാനവും വര്ക്ക് പെര്മിറ്റ് അഭ്യര്ത്ഥനകളില് 69 ശതമാനവും മാത്രമാണ് അംഗീകരിച്ചതെന്ന് ഇമിഗ്രേഷന്, റെഫ്യൂജീസ് ആന്ഡ് സിറ്റിസണ്ഷിപ്പ് കാനഡ (ircc) പുറത്തുവിട്ട പുതിയ കണക്കുകള് വ്യക്തമാക്കുന്നു. ഇത് വിദേശ വിദ്യാര്ത്ഥികളില് വലിയ ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്.

കാനഡയുടെ സാമ്പത്തിക വളര്ച്ചയിലും തൊഴില് മേഖലകളിലും അന്താരാഷ്ട്ര വിദ്യാര്ത്ഥികളും വിദേശ തൊഴിലാളികളും വര്ഷങ്ങളായി നിര്ണായക പങ്കുവഹിച്ചുവരുന്നു. സര്വകലാശാലകളുടെയും കോളേജുകളുടെയും ട്യൂഷന് വരുമാന വര്ധന, തൊഴില് മേഖലയിലെ ക്ഷാമം നിറയ്ക്കല്, സാംസ്കാരിക വൈവിധ്യങ്ങളുടെ വളര്ച്ച തുടങ്ങി നിരവധി മേഖലകളില് ഇവരുടെ സംഭാവനകള് ശ്രദ്ധേയമാണ്. എന്നാല്, ഏറ്റവും പുതിയ വിസാ-പെര്മിറ്റ് നിയന്ത്രണങ്ങള് കാനഡയിലേക്കുള്ള പ്രവേശനത്തിന് തടസ്സങ്ങളാണ് സൃഷ്ടിക്കുന്നത്.

2025-ലെ ആദ്യ നാല് മാസങ്ങളില് 1,82,404 വിദ്യാര്ത്ഥി വിസ അപേക്ഷകളില് 78,620 പേര്ക്കാണ് മാത്രമേ അനുമതി ലഭിച്ചിട്ടുള്ളു. അപേക്ഷകളുടെ അമിത ഒഴുക്കും അതിനൊപ്പമുള്ള ഭവന ക്ഷാമവും തൊഴിലില്ലായ്മയും ആണ് കാനഡ സര്ക്കാരിനെ കര്ശന നടപടിയിലേക്ക് തള്ളിയതെന്നാണ് വിലയിരുത്തല്. കോളേജുകള്ക്കു സമീപമുള്ള പ്രദേശങ്ങളിലും നഗരങ്ങളിലും ഭവനസൗകര്യങ്ങളുടെ കുറവ് വര്ധിക്കുകയും, ബിരുദധാരികള്ക്കിടയില് തൊഴിലില്ലായ്മ പ്രശ്നമാകുകയും ചെയ്തിട്ടുണ്ട്.

ഒരിക്കല് സ്ഥിരതാമസത്തിലേക്കുള്ള ഏറ്റവും എളുപ്പവഴിയായി കണക്കാക്കപ്പെട്ടിരുന്ന വിദ്യാര്ത്ഥി വിസ മാര്ഗം ഇപ്പോള് ഭാരമായി മാറിക്കൊണ്ടിരിക്കുകയാണ്. അക്കാദമികമായും സാമ്പത്തികമായും പ്രൊഫഷണലായും വിജയിക്കാന് ഏറ്റവും സാധ്യതയുള്ളവര്ക്കു മാത്രമാണ് ഭാവിയില് കാനഡ മികച്ച അവസരങ്ങള് നല്കുക എന്നതാണ് പുതിയ സാഹചര്യത്തില് വ്യക്തമായ സന്ദേശം.



ONAM SPECIAL 2025

ട്രംപ് പ്രഖ്യാപനം: മെംഫിസിലേക്കും നാഷണൽ ഗാർഡ് സൈനികർ



വാഷിംഗ്ടൺ:തലസ്ഥാനമായ വാഷിംഗ്ടണിലെ കഴിഞ്ഞ മാസം നാഷണല് ഗാർഡ് വിന്യസിച്ചതിന് പിന്നാലെ, ഇപ്പോള് ടെന്നസിയിലെ മെംഫിസിലേക്കും സൈനികരെ അയക്കാന് പോകുന്നുവെന്ന് പ്രസിഡന്റ് ഡോണള്ഡ് ട്രംപ് പ്രഖ്യാപിച്ചു. കുറ്റകൃത്യങ്ങള്ക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്നും മെംഫിസിലെ സാഹചര്യം തനിക്ക് ആശങ്കാജനകമാണെന്നും അദ്ദേഹം വ്യക്തമാക്കി.

അസോസിയേറ്റഡ് പ്രസിന്റെ റിപ്പോർട്ട് പ്രകാരം, വെള്ളിയാഴ്ചയാണ് ട്രംപ് ഈ പ്രഖ്യാപനം നടത്തിയത്. ഫോക്സ് ന്യൂസിനോട് സംസാരിക്കവേ "മേയർ സന്തുഷ്ടനാണ്, ഗവർണർ സന്തുഷ്ടനാണ്. വാഷിംഗ്ടണില് ചെയ്തതുപോലെ ഇവിടെ സംഭവിക്കുന്നതും പരിഹരിക്കുമെന്ന്" ട്രംപ് പറഞ്ഞു.

എന്നാല് ഡെമോക്രാറ്റിക് മേയർ പോള് യംഗ്, താന് നാഷണല് ഗാർഡിനെ ആവശ്യപ്പെട്ടിട്ടില്ലെന്നും കുറ്റകൃത്യ നിരക്ക് കുറയ്ക്കാന് അത് ശരിയായ മാർഗമല്ലെന്നും വ്യക്തമാക്കി. 共 — 方 面 , റിപ്പബ്ലിക്കന് ഗവർണർ ബില് ലീ, സൈനിക വിന്യാസം നടക്കുന്നതായി സ്ഥിരീകരിച്ച്, മെംഫിസിലെ ജനങ്ങളെ സഹായിക്കുന്നതിനായി പ്രസിഡന്റിന്റെ ഉറച്ച പിന്തുണയ്ക്കും പ്രതിബദ്ധതയ്ക്കും നന്ദി രേഖപ്പെടുത്തി.

ശ്രദ്ധേയമായ കാര്യമെന്നുവേണം പറയാന്, മെംഫിസ് പൊലീസ് കുറ്റകൃത്യ നിരക്ക് കഴിഞ്ഞ 25 വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലെത്തിയതായി അടുത്തിടെ റിപ്പോർട്ട് ചെയ്തിരുന്നു. 2025ലെ ആദ്യ എട്ട് മാസങ്ങളില് മൊത്തത്തിലുള്ള കുറ്റകൃത്യങ്ങളും കൊലപാതക നിരക്കും ചരിത്രപരമായി താഴ്ന്ന നിലയിലാണ്. എന്നിരുന്നാലും, കുറ്റകൃത്യങ്ങളെ ഒരു മുഖ്യ വിഷയം ആക്കി മുന്നോട്ട് കൊണ്ടുപോകുന്ന ട്രംപിന്റെ നടപടികള് ഡെമോക്രാറ്റിക് നേതൃത്വത്തിലുള്ള നഗരങ്ങളിലെ പ്രതിഷേധങ്ങള്ക്ക് ഇടയാക്കിക്കൊണ്ടിരിക്കുകയാണ്.

ഖത്തറിനെ അനുനയിപ്പിക്കാൻ യുഎസ് നീക്കം; ട്രംപിന്റെ വക പ്രധാനമന്ത്രിക്ക് അത്താഴവിരുന്ന്



വാഷിങ്ടൻ : ദോഹയില് ഹമാസ് നേതാക്കളെ ലക്ഷ്യമിട്ട് ഇസ്രയേല് നടത്തിയ അപ്രതീക്ഷിത ആക്രമണത്തെ തുടർന്ന് അമർഷം പ്രകടിപ്പിച്ച ഖത്തറിനെ അനുനയിപ്പിക്കാന് അമേരിക്ക രംഗത്തെത്തി. ഇത്തരത്തിലുള്ള ആക്രമണങ്ങള് ഇനി ഇസ്രയേലിന്റെ ഭാഗത്തുനിന്ന് ഉണ്ടാവില്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണള്ഡ് ട്രംപ് ഉറപ്പുനല്കി.

യുഎസ് സന്ദർശനത്തിനെത്തിയ ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിന് അബ്ദുല്റഹ്മാന് അല്താനി വൈറ്റ് ഹൗസില് അമേരിക്കന് ഉന്നത നേതാക്കളുമായി ചർച്ച നടത്തി. വൈസ് പ്രസിഡന്റ് ജെ.ഡി. വാന്സ്, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവരുമായി നടത്തിയ കൂടിക്കാഴ്ചയില് മേഖലയിലെ സംഘർഷാവസ്ഥയും സുരക്ഷാ വിഷയങ്ങളും ചർച്ചയായി.


ഖത്തർ പ്രധാനമന്ത്രിക്കായി ട്രംപ് പ്രത്യേക അത്താഴവിരുന്ന് ഒരുക്കുമെന്ന് വൈറ്റ് ഹൗസ് വക്താവ് അറിയിച്ചു. പരിപാടിയില് യുഎസ് പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും പങ്കെടുക്കും.

ഖത്തറില് ഹമാസിന്റെ രാഷ്ട്രീയ നേതാക്കളെ വധിക്കാനാണ് ഇസ്രയേല് നടത്തിയ ആക്രമണശ്രമം. എന്നാല് ലക്ഷ്യം പൂർത്തിയാക്കാന് ഇസ്രയേലിന് സാധിച്ചില്ല. സംഭവത്തില് ട്രംപ് കടുത്ത അതൃപ്തി രേഖപ്പെടുത്തിയിരുന്നു. യുഎസ് നീക്കങ്ങളുടെ ഭാഗമായി സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഉടന് ഇസ്രയേല് സന്ദർശിക്കുമെന്നാണ് റിപ്പോർട്ട്.





ONAM SPECIAL 2025



Vincenté Jewelers
"where trust and service counts"
25 ATLANTIC AVENUE, FREEPORT, NY 11520,
TEL: (516) 868 - 7818, FAX: (516) 868 - 8245, www.vincentjewelers.com

For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.

Eastwick College
RANKED AMONG
Top 100
Colleges in the U.S.[1]
Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

· NO REGISTRATION FEE · HYBRID BSN CLASSES
· FINANCIAL AID AVAILABLE[2] · FREE BOOKS AND LAPTOP[3]
· FREE TEAS TESTING[3] · ACCELERATED DEGREES

[1] Financial aid is available to those who quality
[2] Applicants to the TEAS nursing class must complete nd an entrance examination
[3] Associate and Technical Track programs are exclusively offered at Eastwick College

Eastwick College PRIMDO ROMAGE eastwick.edu 1-866-EASTWICK

Physical therapy
WEST NYACK SPORTS MEDICINE
PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH
by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE
NO MORE PAIN
+ Pain Management
+ Knee Pain
+ Back Pain
+ Neck Pain
+ Shoulder Pain
+ Orthopedic
+ Rehabilitation
+ Physiatry
+ Sports Injuries

PAIN MANAGEMENT
SPORTS INJURIES

WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT
(845) 358-0019
369 SOUTH MAIN ST, NEW CITY, NY 10956, US

SELLING YOUR HOUSE? or BUYING A NEW HOME?





Serving New York Specialized in Queens & Nassau Counties

Mathew Thomas
ബാബു പക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES

ONAM SPECIAL 2025

യു.എസ്. ഭരണഘടന ആർക്കും അമിതമായ അധികാരം നൽകിയിട്ടില്ലെന്ന് ജസ്റ്റിസ് കവനോ



വാക്കോ, ടെക്സാസ്: അമേരിക്കൻ ഭരണഘടനയുടെ ഏറ്റവും വലിയ സവിശേഷത ആർക്കും അമിതമായ അധികാരം നൽകുന്നില്ല എന്നതാണെന്ന് യു.എസ്. സുപ്രീം കോടതി ജസ്റ്റിസ് ബ്രെറ്റ് കവനോ. തനിക്ക് മുൻപ് ജോലി ചെയ്തിരുന്ന കെൻ സ്റ്റാറിനെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സ്ഥാപകർ ഭരണഘടന രൂപീകരിച്ചത് അധികാരത്തിന്റെ കേന്ദ്രീകരണം ഒഴിവാക്കാൻ വേണ്ടിയാണെന്നും കവനോ പറഞ്ഞു.

എന്നാൽ, പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് അനുകൂലമായ നിലപാടുകൾ തുടർച്ചയായി സ്വീകരിക്കുന്നതിന് സുപ്രീം കോടതിയും ജസ്റ്റിസ് കവനോയും വിമർശനം നേരിടുന്ന സാഹചര്യത്തിലാണ് ഈ പ്രസ്താവന. പരിപാടി നടന്ന സ്ഥലത്തിന് പുറത്ത് ട്രംപിനും കവനോയ്ക്കും എതിരെ പ്രതിഷേധവുമായി ആളുകൾ തടിച്ചുകൂടി. സുപ്രീം കോടതി രാജ്യത്തെ ട്രംപിന് കൈമാറിയെന്ന് പ്രതിഷേധക്കാർ ആരോപിച്ചു.

2024-ൽ ട്രംപിനെതിരായ ഒരു കേസിൽ കോടതി എടുത്ത തീരുമാനം ചൂണ്ടിക്കാട്ടിയാണ് പ്രതിഷേധം. ഈ തീരുമാനത്തിൽ കവനോയും പങ്കുചേർന്നിരുന്നു. കൂടാതെ, ട്രംപിന്റെ കുടിയേറ്റ നയങ്ങൾക്ക് അനുകൂലമായി ഈ ആഴ്ച കോടതി എടുത്ത തീരുമാനത്തിനെതിരെയും ലിബറൽ ജസ്റ്റിസുമാർക്കിടയിൽ എതിർപ്പ് ശക്തമാണ്.

1990-കളിൽ പ്രസിഡന്റ് ബിൽ ക്ലിന്റനെതിരായ ലൈംഗികാരോപണക്കേസിൽ കെൻ സ്റ്റാറിനൊപ്പം പ്രോസിക്യൂട്ടറായി പ്രവർത്തിച്ച കാലത്തെ അനുഭവം കവനോ പങ്കുവെച്ചു. അന്ന് ക്ലിന്റൺ ചെയ്തത് "അശ്രദ്ധവും അറപ്പുളവാക്കുന്നതുമായ" കാര്യങ്ങളാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. എന്നാൽ, 2018-ൽ സുപ്രീം കോടതി ജഡ്ജി സ്ഥാനത്തേക്കുള്ള കവനോയുടെ നോമിനേഷൻ വിവാദത്തിലായപ്പോൾ കെൻ സ്റ്റാർ അദ്ദേഹത്തെ പരസ്യമായി പിന്തുണച്ചിരുന്നു.

ചിക്കാഗോയിൽ ഇമിഗ്രേഷൻ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ ഒരാൾ കൊല്ലപ്പെട്ടു



ഷിക്കാഗോ: അനധികൃത കുടിയേറ്റക്കാർക്കെതിരായ ഫെഡറൽ ഏജൻസിയുടെ നടപടിക്കിടെ, ice (ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ്) ഉദ്യോഗസ്ഥൻ നടത്തിയ വെടിവെപ്പിൽ ഒരാൾ കൊല്ലപ്പെട്ടു. വെള്ളിയാഴ്ച ഷിക്കാഗോയ്ക്ക് സമീപം ഫ്രാങ്ക്ലിൻ പാർക്കിലാണ് സംഭവം.

വാഹനം തടഞ്ഞ ഉദ്യോഗസ്ഥരെ വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് വെടിവെപ്പ് ഉണ്ടായതെന്ന് അധികൃതർ അറിയിച്ചു. കൊല്ലപ്പെട്ടയാളെ സിൽവേറിയോ വില്ലേഗാസ്-ഗോൺസാലെസ് എന്ന് തിരിച്ചറിഞ്ഞു. ഇയാൾ നിയമപരമായി യു.എസിൽ താമസിക്കുന്ന ആളല്ലെന്ന് ice വക്താവ് വ്യക്തമാക്കി.

വാഹനം ഓടിച്ച് പോകുന്നതിനിടെ ഇയാൾ ഒരു ice ഉദ്യോഗസ്ഥനെ വലിച്ചിഴച്ചു. ഗുരുതരമായി പരിക്കേറ്റ ഉദ്യോഗസ്ഥൻ ചികിത്സയിലാണ്. തങ്ങളുടെ ഉദ്യോഗസ്ഥൻ പരിശീലനമനുസരിച്ച് ശരിയായ രീതിയിലാണ് പ്രവർത്തിച്ചതെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി അസിസ്റ്റന്റ് സെക്രട്ടറി ട്രിസിയ മക്ലഗ്ലിൻ അറിയിച്ചു. നിലവിൽ 'ഓപ്പറേഷൻ മിഡ്വേ ബ്ലിറ്റ്സ്' എന്ന പേരിൽ ഷിക്കാഗോ മേഖലയിൽ ice വ്യാപകമായ പരിശോധനകൾ നടത്തുന്നുണ്ട്.

അതേസമയം, സംഭവത്തെക്കുറിച്ച് പൂർണ്ണമായ അന്വേഷണം വേണമെന്ന് ഇല്ലിനോയിസ് ഗവർണർ ജെ.ബി. പ്രിറ്റ്സ്കർ ആവശ്യപ്പെട്ടു. ice-ന്റെ വർദ്ധിച്ചുവരുന്ന ആക്രമണോത്സുകമായ പ്രവർത്തനങ്ങൾ സമൂഹത്തിന് സുരക്ഷ നൽകുന്നില്ലെന്ന് ഇമ്മിഗ്രന്റ് ആൻഡ് റെഫ്യൂജി റൈറ്റ്സ് കൂട്ടായ്മയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ലോറൻസ് ബെനിറ്റോ പറഞ്ഞു.







CONTACT + 91 9995345222

ONAM SPECIAL 2025

അൽ ഹയ്യ ദോഹയിൽ ഉണ്ടെന്ന് ഉറപ്പാക്കി, ട്രംപ് അറിയാതിരിക്കാൻ ശ്രദ്ധിച്ചു; പഴുതടച്ച ഇസ്രയേൽ നീക്കം പാളി



ദോഹ: ഖത്തറില് ഇസ്രയേല് നടത്തിയ ആക്രമണത്തിന്റെ കൂടുതല് വിവരങ്ങള് പുറത്ത്. ഹമാസിന്റെ ഉന്നതനേതാക്കള് ദോഹയില് എത്തുമെന്ന കാര്യം ഉറപ്പാക്കിയ ശേഷമാണ് ഇസ്രയേല് ആക്രമണം നടത്തിയത്. നീക്കം സംബന്ധിച്ച് അമേരിക്കയ്ക്ക് നേരത്തേ വിവരം ലഭിക്കാതിരിക്കാന് ഇസ്രയേല് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഖത്തറിനുമേല് ആക്രമണം നടത്തുന്നതിനായി രണ്ട് മാസത്തിലേറെയായി ഇസ്രയേല് സൈനിക നടപടികള് ആസൂത്രണം ചെയ്യുകയായിരുന്നുവെന്നും സിഎന്എന് പുറത്തുവിട്ട റിപ്പോര്ട്ടില് പറയുന്നു.

To advertise here, Contact Us

ഗാസ-ഇസ്രയേൽ യുദ്ധം അവസാനിപ്പിക്കുന്നതിനും ബന്ദികളെ മോചിപ്പിക്കുന്നതിനുമുള്ള ചർച്ചകളുടെ പ്രധാന കേന്ദ്രമായി ദോഹ മാറിയിരുന്നു. ഇസ്രയേലിലെ ഉന്നത ഉദ്യോഗസ്ഥർ പതിവായി സന്ദർശിക്കുന്ന ഒരിടമായിരുന്നു ദോഹ. അതേസമയം, ഖലീല് അല് ഹയ്യ ഉള്പ്പെടെയുള്ള ഹമാസിന്റെ മുതിര്ന്ന നേതാക്കളുടെ താവളവും കൂടിയായിരുന്നു ഇവിടം. ഹമാസിന്റെ മുഖ്യമധ്യസ്ഥനായ അല് ഹയ്യ വർഷങ്ങളായി ദോഹയിലാണു താമസിക്കുന്നത്.

Advertisement

2023 ഒക്ടോബർ ഏഴിലെ ആക്രമണത്തിന് തൊട്ടുപിന്നാലെ, ഗാസയിലും വിദേശത്തുമുള്ള ഹമാസ് നേതാക്കളെ ലക്ഷ്യമിടുമെന്ന് ഇസ്രായേല് വ്യക്തമാക്കിയിരുന്നു. ഇറാനില് ഇസ്മായില് ഹനിയയെയും ലെബനനില് സാലിഹ് അല് അറൂരിയെയും വധിച്ചത് പോലുള്ള ആക്രമണങ്ങളും ഓപ്പറേഷനുകളും ശത്രുരാജ്യങ്ങളില് മാത്രമാണ് ഇസ്രയേല് അതുവരെ നടത്തിയിരുന്നത്.

.

വെടിനിർത്തല് ചർച്ചകളില് നിർണായക മധ്യസ്ഥ പങ്ക് വഹിക്കുകയും യുഎസിന്റെ വലിയ സൈനിക സാന്നിധ്യമുള്ളതുമായ ഒരു പരമാധികാര രാജ്യത്തിനെതിരായ ആക്രമണമായിരിക്കും ഖത്തറില് നടത്താൻ പോകുന്നതെന്ന് ഇസ്രയേലിന് പൂർണബോധ്യം ഉണ്ടായിരുന്നു.

ഖത്തറിനുമേല് നടത്താന് പോകുന്ന ആക്രമണത്തിന് തിങ്കളാഴ്ചയാണ് പ്രാഥമിക അനുമതി ലഭിച്ചത്. ഹമാസിനെ നിരീക്ഷിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തമുള്ള ഇസ്രയേലിന്റെ ആഭ്യന്തര സുരക്ഷാ ഏജന്സിയായ ഷിന് ബെറ്റിന്, യുഎസ് മുന്നോട്ടുവെച്ച നിർദ്ദേശം ചർച്ച ചെയ്യാന് മുതിർന്ന ഹമാസ് ഉദ്യോഗസ്ഥർ ദോഹയില് യോഗം ചേരുന്നുണ്ടെന്ന് രഹസ്യാന്വേഷണ വിവരം ലഭിച്ചിരുന്നു. എന്നാല്, കരാർ അംഗീകരിക്കാന് ഖത്തർ പ്രധാനമന്ത്രി ഹമാസിനുമേല് സമ്മർദ്ദം ചെലുത്തിയ അതേ യോഗമായിരുന്നോ ഇതെന്ന് വ്യക്തമല്ല. ഒരു ഇസ്രയേലി ഉദ്യോഗസ്ഥന് സിഎന്എന്നിനോടു വെളിപ്പെടുത്തി

ഇന്ത്യയ്ക്കും ചൈനയ്ക്കും തീരുവ ചുമത്തണം'; ജി7 രാജ്യങ്ങളോടും ആവശ്യമുന്നയിച്ച് യുഎസ്



'വാഷിങ്ടണ്: ജി7 രാജ്യങ്ങളുടെ യോഗത്തില് ഇന്ത്യയ്ക്കും ചൈനയ്ക്കും എതിരേ തീരുവ ചുമത്തണമെന്ന് ആവശ്യപ്പെട്ട് അമേരിക്ക. കനേഡിയന് ധനമന്ത്രി ഫ്രാങ്കോയിസ് ഫിലിപ്പിന്റെ അധ്യക്ഷതയില് ചേർന്ന ജി7 രാജ്യങ്ങളുടെ യോഗത്തിലാണ് അമേരിക്കന് പ്രതിനിധി ഈ ആവശ്യമുന്നയിച്ചത്. റഷ്യയില്നിന്ന് എണ്ണ വാങ്ങുന്ന രാജ്യങ്ങള്ക്ക് തീരുവ ചുമത്തണമെന്നായിരുന്നു ജി7-ലെ സഖ്യകക്ഷികളോട് അമേരിക്ക ആവശ്യപ്പെട്ടത്. ഇന്ത്യയ്ക്കും ചൈനയ്ക്കും എതിരേ 100 ശതമാനം തീരുവ ചുമത്തണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നേരത്തേ യൂറോപ്യൻ യൂണിയനോടും ആവശ്യപ്പെട്ടിരുന്നു.

To advertise here, Contact Us

റഷ്യയില്നിന്ന് എണ്ണ വാങ്ങുന്ന രാജ്യങ്ങള്ക്കുമേല് തീരുവ ചുമത്തുന്നതില് മറ്റ് അംഗങ്ങളും അമേരിക്കയ്ക്കൊപ്പം അണിചേരണമെന്ന് യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റ് യോഗത്തില് പറഞ്ഞു. യോഗത്തിനുശേഷം പുറത്തിറക്കിയ പ്രസ്താവനകള് യുഎസ് ട്രഷറി സെക്രട്ടറിയും യുഎസ് ട്രേഡ് റെപ്രസെന്റേറ്റീവ് ജാമിസണ് ഗ്രീറും ഇക്കാര്യം സ്ഥിരീകരിക്കുകയുംചെയ്തു.

പുതിന്റെ യുദ്ധത്തിനുള്ള ഫണ്ടിങ് നല്കുന്ന വരുമാനമാർഗങ്ങള് അതിന്റെ സ്രോതസ്സുകളില്തന്നെ വെട്ടിക്കുറയ്ക്കണം. അത്തരമൊരു ഏകീകൃതശ്രമത്തിലൂടെ മാത്രമേ അർഥശൂന്യമായ കൊലപാതകം അവസാനിപ്പിക്കാന് കഴിയുന്ന സാമ്പത്തിക സമ്മർദം ചെലുത്താന് കഴിയുകയുള്ളൂവെന്നും ഇരുവരും പറഞ്ഞു. ഉപരോധങ്ങള് കൊണ്ടുള്ള സമ്മർദം വർധിപ്പിക്കാനുള്ള തീരുമാനത്തെയും റഷ്യയുടെ മരവിപ്പിച്ച ആസ്തികള് യുക്രൈന്റെ പ്രതിരോധപ്രവർത്തനങ്ങള്ക്കായി ഉപയോഗിക്കാനുള്ള ആഹ്വാനത്തെയും യുഎസ് സ്വാഗതംചെയ്തു.

യുക്രൈന് യുദ്ധം അവസാനിപ്പിക്കാനായി റഷ്യയ്ക്കുമേലുള്ള സമ്മർദം വർധിപ്പിക്കുന്നതിനുള്ള കൂടുതല് നടപടികള് ചർച്ചചെയ്യാനായാണ് ജി7 കൂട്ടായ്മയുടെ യോഗംചേർന്നത്. റഷ്യയ്ക്ക് മേലുള്ള സമ്മർദം വർധിപ്പിക്കാനായുള്ള വിവിധ സാമ്പത്തിക ഉപരോധങ്ങളെക്കുറിച്ച് യോഗം ചർച്ചചെയ്തു. തീരുവകള് ഉള്പ്പെടെയുള്ള കൂടുതല് ഉപരോധങ്ങളാണ് യോഗത്തില് ചർച്ചയായതെന്നും റിപ്പോർട്ടുകളിലുണ്ട്. കാനഡ, ഫ്രാന്സ്, ജർമനി, ഇറ്റലി, ജപ്പാന്, യുകെ, യുഎസ് എന്നീ രാജ്യങ്ങളും യൂറോപ്യന് യൂണിയനുമാണ് ജി7 കൂട്ടായ്മയിലെ അംഗങ്ങള്.

റഷ്യയില്നിന്ന് എണ്ണ വാങ്ങുന്നതിന്റെ പേരില് യുഎസ് പ്രസിഡന്റ് ഡൊണാള്ഡ് ട്രംപ് ആദ്യം 25 ശതമാനം തീരുവയാണ് ഇന്ത്യയ്ക്കുമേല് ചുമത്തിയത്. പിന്നീട് ഇത് 50 ശതമാനമാക്കി വർധിപ്പിച്ചു. എന്നാല്, റഷ്യയില്നിന്ന് എണ്ണ വാങ്ങുന്ന ചൈനയ്ക്കെതിരേ അധികതീരുവ ചുമത്താന് ട്രംപ് തയ്യാറായിരുന്നില്ല.

ONAM SPECIAL 2025

ഹയാത്ത് റീജൻസിയുടെ ഫ്രൂട്ട് മിക്സിംഗിൽ ആവേശമായി ഡിഫറന്റ് ആർട് സെന്ററിലെ ഭിന്നശേഷിക്കാർ

തിരുവനന്തപുരം: ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ഹയാത്ത് റീജന്സി തയ്യാറാക്കുന്ന കേക്കിന്റെ ആദ്യപടിയായി നടക്കുന്ന ഫ്രൂട്ട് മിക്സിംഗിൽ ഇത്തവണ അതിഥിയായി എത്തിയത് ഗോപിനാഥ് മുതുകാടും ഡിഫറന്റ് ആർട് സെന്ററിലെ ഭിന്നശേഷിക്കാരും. വഴുതക്കാട് ഹയാത്ത് റീജന്സിയില് നടന്ന ചടങ്ങില് ഡിഫറന്റ് ആര്ട് സെന്റര് എക്സിക്യുട്ടീവ് ഡയറക്ടര് ഗോപിനാഥ് മുതുകാടും ഭിന്നശേഷിക്കാരും ഹയാത്ത് റീജൻസി ജീവനക്കാരും ചേര്ന്നാണ് ഫ്രൂട്ട് ജ്യൂസില് വിവിധ ഫലചേരുവകളുടെ മിശ്രണം നടത്തിയത്. തിരുവനന്തപുരം ഹയാത്ത് റീജന്സി ജനറല് മാനേജര് നിബു മാത്യു പരിപാടികൾക്ക് നേതൃത്വം നല്കി.



ഡിഫറന്റ് ആർട് സെന്ററിലെ ഭിന്നശേഷി കുട്ടികൾക്ക് കിട്ടിയ വലിയ സൗഭാഗ്യമാണിതെന്നും ഫ്രൂട്ട് മിക്സിംഗ് പ്രക്രിയയിൽ ഭിന്നശേഷി കുട്ടികളെകൂടി ഉൾപ്പെടുത്തിയ ഹയാത്തിന്റെ നടപടി സമൂഹത്തിന് നൽകിയ വലിയൊരു സന്ദേശമാണെന്നും ഗോപിനാഥ് മുതുകാട് പറഞ്ഞു.

സമൂഹത്തോടും ഭൂമിയോടുമുള്ള കരുതലിന് ഊന്നല് നല്കുന്ന ഹയാത്തിന്റെ ആഗോള സംരംഭമായ വേള്ഡ് ഓഫ് കെയര് പരിപാടിയുടെയുടെയും സാമൂഹ്യ ഉള്ച്ചേര്ക്കലിന്റെയും ഭാഗമായാണ് ഇത്തവണ ഭിന്നശേഷിക്കാരെ തിരഞ്ഞെടുത്തത്. കേക്ക് പരിശീലനം നേടിയതും ഡിഫറന്റ് ആര്ട് സെന്ററിലെ അപ് കഫെയില് പ്രവര്ത്തിക്കുന്നതുമായ 12 ഭിന്നശേഷിക്കാരാണ് ഫ്രൂട്ട് മിക്സിംഗിനെത്തിയത്. ഫ്രൂട്ട് മിക്സിംഗ് ചടങ്ങ് ആഘോഷപരമായ പാചകരീതി എന്നതിലുപരി, ഐക്യത്തിന്റെയും പ്രതീക്ഷയുടെയും വരാനിരിക്കുന്ന ക്രിസ്മസ് കാലത്തിന്റെയും സന്തോഷകരമായ പ്രകടനമാണെന്നും ഡിഫറന്റ് ആര്ട് സെന്ററിലെ കുട്ടികളുമായി ഈ പ്രക്രിയ പങ്കുവെക്കുന്നതിലൂടെ ഒരുമ, സ്നേഹം, പങ്കുവെക്കല് തുടങ്ങിയ ക്രിസ്മസിന്റെ സന്ദേശം പകര്ന്നു നല്കാനാണ് ശ്രമിക്കുന്നതെന്നും തിരുവനന്തപുരം ഹോട്ടൽ എക്സിക്യൂട്ടീവ് ഷെഫ് സെന്തിൽ കുമാർ പറഞ്ഞു.









ഡിഫറന്റ് ആർട് സെന്റർ ഇന്റർവെൻഷൻ ഡയറക്ടർ ഡോ.അനിൽ നായർ, ലിംഗ്വിസ്റ്റ് എ.എം മേരിക്കുട്ടി, തിരുവനന്തപുരം ഹയാത്ത് റീജൻസി ഡിപ്പാർട്ട്മെന്റ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.





ONAM SPECIAL 2025

സുരക്ഷാ ലംഘനങ്ങൾക്ക് ബോയിംഗിന് 3.1 മില്യൺ ഡോളർ പിഴ



വാഷിംഗ്ടൺ • നിരവധി സുരക്ഷാ ലംഘനങ്ങള് കണ്ടെത്തിയതിനെ തുടര്ന്ന് പ്രശസ്ത വിമാന നിര്മാണ കമ്പനി ബോയിംഗിന് 3.1 മില്യണ് ഡോളര് പിഴ ചുമത്തുമെന്ന് യുഎസ് ഫെഡറല് ഏവിയേഷന് അഡ്മിനിസ്ട്രേഷന് (എഫ്എഎ) അറിയിച്ചു. 2023 അവസാനത്തെയും കഴിഞ്ഞ വര്ഷം തുടക്കത്തെയും ഇടവേളയിലാണ് കമ്പനി വിവിധ സുരക്ഷാ വീഴ്ചകള് വരുത്തിയതെന്ന് എഫ്എഎ വ്യക്തമാക്കി.

വാഷിംഗ്ടണിലെ റെന്റണിലുള്ള ബോയിംഗിന്റെ ഫാക്ടറിയിലും കന്സാസിലെ വിചിതയിലെ പ്ലാന്റിലുമാണ് പരിശോധനകള് നടന്നത്. ഇവിടെ നടത്തിയ പരിശോധനകളില് നിരവധി നിയമലംഘനങ്ങള് കണ്ടെത്തിയതായി എഫ്എഎയുടെ വെള്ളിയാഴ്ച പുറത്തിറക്കിയ പ്രസ്താവനയില് പറയുന്നു. പറക്കാന് യോഗ്യമല്ലാത്ത രണ്ട് വിമാനങ്ങള്ക്ക് സര്ട്ടിഫിക്കറ്റുകള് നേടാനുള്ള ശ്രമം ബോയിംഗ് നടത്തിയതായും, കൂടാതെ ഡെലിവറി ഷെഡ്യൂള് പാലിക്കാന് ആവശ്യമായ മാനദണ്ഡങ്ങള് പാലിക്കാത്ത ഒരു വിമാനത്തിന് യോഗ്യത നല്കാന് ഉദ്യോഗസ്ഥനെ സ്വാധീനിക്കാന് കമ്പനി ശ്രമിച്ചുവെന്നും ആരോപണം ഉയര്ന്നിട്ടുണ്ട്.

2024 ജനുവരിയില് അലാസ്ക എയര് ഗ്രൂപ്പ് ഇന്കോര്പ്പറേറ്റഡ് കമ്പനിയുടെ 737 മാക്സ് ജെറ്റില് ഉണ്ടായ അപകടമാണ് ഈ നടപടിക്ക് കാരണമായത്. ആ വിമാനത്തില് നിന്നുള്ള ഡോര് പ്ലഗ് പറക്കുന്നതിനിടെ പൊട്ടിത്തെറിച്ചതോടെ സംഭവിച്ച വിവാദം ബോയിംഗിനെ കടുത്ത പ്രതിസന്ധിയിലാഴ്ത്തുകയും അന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസര് ഡേവ് കാല്ഹൗണിനെ സ്ഥാനത്തുനിന്ന് പുറത്താക്കേണ്ട സാഹചര്യം ഉണ്ടാക്കുകയും ചെയ്തിരുന്നു.

ലോങ് ജമ്പ് ഇതിഹാസം മൈക്ക് പവലിന് സസ്പെൻഷൻ



കാലിഫോർണിയ: ലോങ് ജമ്പ് ഇതിഹാസവും ലോക റെക്കോർഡ് ജേതാവുമായ മൈക്ക് പവലിനെ അനിശ്ചിതകാലത്തേക്ക് സസ്പെൻഡ് ചെയ്ത് അത്ലറ്റിക്സ് ഇന്റഗ്രിറ്റി യൂണിറ്റ് (aiu). മത്സരാർത്ഥികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടത്തിയ അന്വേഷണത്തിന് ശേഷമാണ് നടപടി. എന്നാൽ, സസ്പെൻഷനിലേക്ക് നയിച്ച യഥാർത്ഥ കാരണം എന്താണെന്ന് aiu വ്യക്തമാക്കിയിട്ടില്ല.

aiu-വിന്റെ ഈ തീരുമാനത്തെത്തുടർന്ന് ശനിയാഴ്ച ടോക്കിയോയിൽ ആരംഭിക്കുന്ന ലോക ചാമ്പ്യൻഷിപ്പിൽ പവലിന് പങ്കെടുക്കാനോ ലോക അത്ലറ്റിക്സുമായി ബന്ധപ്പെട്ട ഒരു പരിപാടിയിലും ഭാഗമാകാനോ സാധിക്കില്ല. അമേരിക്കൻ താരമായ പവലിന് ഈ വിലക്കിനെതിരെ അപ്പീൽ നൽകാൻ അവസരമുണ്ട്.

1991-ൽ 8.95 മീറ്റർ ദൂരം ചാടിയാണ് പവൽ ലോങ് ജമ്പിൽ ലോക റെക്കോർഡ് സ്ഥാപിച്ചത്. 2022 മുതൽ ലോസ് ആഞ്ജലീസിനടുത്തുള്ള ഒരു സ്വകാര്യ സ്കൂളിൽ പരിശീലകനായി പ്രവർത്തിച്ചുവരികയായിരുന്നു അദ്ദേഹം.

ഹൂസ്റ്റണിൽ സൈറാകോം ഇന്റർനാഷണൽ അടച്ചുപൂട്ടുന്നു 355 ജീവനക്കാർക്ക് ജോലി നഷ്ടമാകും.



ഹൂസ്റ്റൺ: ഭാഷാ വ്യാഖ്യാന സേവനങ്ങൾ നൽകുന്ന സൈറാകോം ഇന്റർനാഷണൽ inc. എന്ന സ്ഥാപനം ഹൂസ്റ്റണിലെ തങ്ങളുടെ കേന്ദ്രം അടച്ചുപൂട്ടുന്നു. ഇതോടെ ഹൂസ്റ്റണിൽ 355 ജീവനക്കാർക്ക് ജോലി നഷ്ടമാകും. അടുത്തിടെ നടന്ന ഒരു ഏറ്റെടുക്കലിന്റെ ഭാഗമായുള്ള വിപുലമായ പുനഃസംഘടനയുടെ ഭാഗമായാണ് പിരിച്ചുവിടലെന്ന് കമ്പനി അറിയിച്ചു.

കമ്പനി അടച്ചുപൂട്ടുന്നതോടെ സ്പാനിഷ്, വിയറ്റ്നാമീസ്, പോർച്ചുഗീസ്, അറബിക് ഉൾപ്പെടെ വിവിധ ഭാഷകളിലെ ഇന്റർപ്രെട്ടർമാരുടെ തൊഴിൽ ഇല്ലാതാകും. ഡിസംബർ ഒന്നിന് ആരംഭിച്ച് അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പിരിച്ചുവിടൽ പൂർത്തിയാകും.


സൈറാകോമിനെ പ്രോപിയോ എന്ന മറ്റൊരു ഭാഷാ സേവന ദാതാക്കൾ ഏറ്റെടുത്തതാണ് ഈ പുനഃസംഘടനയ്ക്ക് കാരണം. ഹൂസ്റ്റണിൽ മാത്രമല്ല, സൈറാകോമിന്റെ അരിസോണ ഓഫീസിലും 500-ഓളം തസ്തികകൾ നിർത്തലാക്കുന്നുണ്ട്. കൂടാതെ, മറ്റൊരു വിതരണ കമ്പനിയായ എസ്സെൻഡന്റ് മാനേജ്മെന്റ് സർവീസസ് തങ്ങളുടെ ഹൂസ്റ്റൺ കേന്ദ്രത്തിലെ 92 ജീവനക്കാരെ പിരിച്ചുവിടാനും പദ്ധതിയിടുന്നുണ്ട്. ബിസിനസ്സിലെ മാറ്റങ്ങളും വലുപ്പം കുറയ്ക്കലുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാട്ടുന്നത്. നവംബർ 7-ന് ശേഷമുള്ള രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പിരിച്ചുവിടലുകൾ നടക്കും.





ONAM SPECIAL 2025









സ്ഥലം വില്പനയ്ക്ക്

4 Acres Land for sale

Near Govt. HS vennala

Contact

PAUL KARUKAPPILLIL - +91 8547730600

VARGHESE OLAHANNAN - (914) 673-7327

Land for sale

Kadayirupp - pattimattom road (synthete / padapparambu road - 10bel front road (driver shivanpillai - ponnachan opp plot)

Location: https://maps.google.com/?q=10.004673,76.446640

Contact

PAUL KARUKAPPILLIL -

+91 8547730600

+91 8921180055

BHARAT REALTY INC.

4 Massachusetts Ave.Congers, NY 10920

Tel: (845) 268-6782

SERVING ROCKLAND & ORANGE COUNTY

First Time Home Buyers ,New Construction ,Property Management

Real Estate Development

VARGHESE OLAHANNAN: (914) 673-7327

THOMAS NINAN: (845) 608-1934

WWW.BHARATREALTY.COM



ONAM SPECIAL 2025

അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ വേദിയിൽ ആതിഥേയരായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂ യോർക്ക് ചാപ്റ്ററിന്റെ അവലോകനയോഗവും ഓണസദ്യയും നടന്നു.

ന്യൂ യോർക്ക് : ഓക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സിയിലെ ഷെറാട്ടൺ എഡിസൺ ഹോട്ടൽ സമുച്ചയത്തിൽ വച്ചു നടക്കുന്ന ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-)മത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിന്റെ ഒരുക്കങ്ങൾ വിലയിരുത്തി ആതിഥേയരായ ന്യൂ യോർക്ക് ചാപ്റ്റർ! ഷെറാട്ടൺ എഡിസൺ ഹോട്ടലിൽ ചേർന്ന അവലോകന യോഗത്തിൽ, മാധ്യമ പ്രവർത്തകർക്ക് പുറമേ ഫൊക്കാന, ഫോമ, വേൾഡ് മലയാളീ കൗൺസിൽ, കൂടാതെ സാമൂഹ്യ രാഷ്ട്രീയ മാധ്യമ രംഗത്തെ നിരവധി പ്രമുഖരും, സംഘടകരും പങ്കെടുത്തു.

ഐ.പി.സി.എൻ.എ ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡൻറ് ഷോളി കുമ്പിളുവേലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഐ.പി.സി.എൻ.എ ദേശീയ പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ, ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം, ന്യൂ യോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, വൈസ് പ്രസിഡന്റ് ജേക്കബ് മാനുവൽ, തുടങ്ങിയവർ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന കോൺഫറൻസിനെകുറിച്ച് സംസാരിക്കുകയും എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുകയും ചെയ്തു.

വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളെ പ്രതിനിധീകരിച്ചു നിരവധി പേർ ആശംസകളും, എല്ലാവിധ സഹായ സഹകരണങ്ങളും അറിയിച്ചു. റോക്ലാൻഡ് കൗണ്ടി ലജിസ്ലേറ്റീവ് വൈസ് ചെയർ ഡോ ആനി പോൾ, ഫൊക്കാന പ്രസിഡൻറ് ഡോ സജിമോൻ ആന്റണി, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫോമാ മുൻ പ്രസിഡൻറ് അനിയൻ ജോർജ്, കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും മുന് ഫൊക്കാന പ്രസിഡന്റുമായ ശ്രീ. പോള് കറുകപ്പിള്ളില്, വേൾഡ് മലയാളീ കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് (അമേരിക്ക റീജിയൻ) ഡോക്ടർ തങ്കമണി അരവിന്ദൻ, ജിനേഷ് തമ്പി, പിന്റോ ചാക്കോ, അനീഷ് ജയിംസ്, ഫോമ മുൻ ജനറൽ സെക്രട്ടറി ജിബി തോമസ്, മലയാളീ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി പ്രസിഡന്റ് രാജു ജോയ്, സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും മുൻ കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് പ്രെസിഡന്റുമായ ജിഷോ, അനിൽ പുത്തൻചിറ, റീന പുത്തൻചിറ, കുഞ്ഞുമോൾ വെർഗീസ്, പ്രമുഖ ടെലിവിഷർ നിർമാതാവ് ജില്ലി സാമുവേൽ, ബോബി സാമുവേൽ, ലത കറുകപ്പിള്ളിൽ, ഷൈബു വർഗീസ്, ജിബി ജേക്കബ് വർഗീസ് കൂടാതെ നിരവധി പ്രമുഖ വ്യെക്തികൾ പങ്കെടുത്തു.





ഇന്ത്യ പ്രസ് ക്ലബ്ബിന്റെ പ്രവർത്തങ്ങൾക്ക് പിന്തുണക്കുന്ന സംരഭകരായ ദിലീപ് വെർഗീസ്, ഗ്ലോബൽ കൊളിഷൻ നോഹ ജോർജ്, ജോസഫ് കാഞ്ഞമല സി പി എ, അനിൽ പുത്തൻചിറ, ബിനോയ് തോമസ് എന്നിവരും, ഐ.പി.സി.എൻ.എ പ്രതിധിനിധീകരിച്ചു മുൻ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര, ചാപ്റ്റർ അംഗങ്ങൾ ബിജു ജോൺ കൊട്ടാരക്കര, ജിനേഷ് തമ്പി, മാത്തുക്കുട്ടി ഈശോ, ജയൻ ജോസഫ് തുടങ്ങിയരും സംസാരിച്ചു. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. കോൺഫെറൻസ് ചെയർമാൻ – സജി എബ്രഹാം, ജനറൽ കൺവീനർ -ഷോളി കുമ്പിളുവേലി (NY ചാപ്റ്റർ പ്രസിഡന്റ്) റിസപ്ഷൻ / രജിസ്ട്രേഷൻ : ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോക്ടർ തങ്കമണി അരവിന്ദ്. ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി ടൈം മാനേജ്മെൻറ് : റെജി ജോർജ് / ജോർജ് തുമ്പയിൽ പ്രോഗ്രാം: താജ് മാത്യു ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം. ട്രാൻസ്പോർട്ടേഷൻ : പിൻറ്റോ ചാക്കോ, അനീഷ് ജെയിംസ്. സേഫ്റ്റി / സെക്യൂരിറ്റി കമ്മിറ്റി ; ജിഷോ സുവനീർ : മാത്തുക്കുട്ടി ഈശോ ഓഡിയോ വിഷൻ : ജില്ലി സാമുവേൽ കൂടാതെ, ഐ.പി.സി.എൻ.എ യുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ് എലെക്ട്- രാജു പള്ളത്തു എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

ഓക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സിയിലെ എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ വച്ച് നടക്കുന്ന ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-)മത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിൽ കേരളത്തിൽ നിന്നും ജനപ്രതിനിധികളും മുതിർന്ന മാധ്യമ പ്രവർത്തകരും പങ്കെടുക്കും.

കോൺഫെറൻസിനെ കുറിച്ച് കൂടുതൽ അറിയാൻ താൽപ്പര്യമുള്ളവർ താഴെ പറയുന്നവരെ ബന്ധപ്പെടുക: സുനിൽ ട്രൈസ്റ്റാർ, ഷിജോ പൗലോസ്, സുനിൽ തൈമറ്റം, വിശാഖ് ചെറിയാൻ, അനിൽകുമാർ ആറന്മുള, ആശ മാത്യു, റോയ് മുളകുന്നം സജി എബ്രഹാം, ഷോളി കുമ്പിളുവേലി, രാജു പള്ളത്, മധു കൊട്ടാരക്കര, ബിജു കൊട്ടാരക്കര, ജോജോ കൊട്ടാരക്കര, ബിനു തോമസ് മറ്റു ന്യൂ യോർക്ക് ചാപ്റ്റർ ഭാരവാഹികളെയും ബന്ധപ്പെടാവുന്നതാണ്.

സുജ ജോർജ്ജിന്റെ (58) നിര്യാണത്തിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അനുശോചിച്ചു.



ന്യൂ യോർക്ക് : ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ പ്രസിഡന്റും പ്രഥമ സെക്രട്ടറിയും ആയിരുന്ന റെജി ജോർജിന്റെ പത്നി സുജ ജോർജിന്റെ (58) വേർപാടിൽ ഐ.പി.സി.എൻ.എ,കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും മുന് ഫൊക്കാന പ്രസിഡന്റുമായ ശ്രീ. പോള് കറുകപ്പിള്ളില് അഗാധമായ ദുഃഖം അറിയിച്ചു.

മെറിക്ക് ഫാർമസ്യൂട്ടിക്കൽസിൽ അസോസിയേറ്റ് ഡയറക്റ്റർ ആയിരുന്ന സുജ ജോർജിന്റെ അപ്രതീക്ഷിതമായ അന്ത്യം സംഘടനയിലെ സഹപ്രവർത്തകരെ ഏറെ ദുഃഖിപ്പിക്കുന്നു. റെജി ജോർജും മക്കളായ രോഹിത് ജോർജ്, റോഷ്നി ജോർജ് എന്നിവരും ബന്ധുക്കളും കടന്നു പോകുന്ന മഹാവ്യസനത്തിൽ ഐ.പി.സി.എൻ.എ യും പങ്കു ചേരുന്നു.

വേർപിരിഞ്ഞു പോയ ആത്മാവിനു നിത്യശാന്തി നേരുന്നു. ഈ ദുഃഖം താങ്ങാൻ ബന്ധുമിത്രാദികൾക്ക് കെൽപ്പ് ഉണ്ടാകട്ടെ എന്ന് ഐ.പി.സി.എൻ. എ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം എന്നിവർ പ്രാർത്ഥനാപൂർവ്വം അറിയിക്കുന്നു.



Our service areas:
1. Periodic visit
2. Regular House/flat check
3. Damage reporting with photos/ videos
4.General maintenance
5.Weekly/Monthly cleaning
6. Weed clearing
7. Pest Control
8. Paying utility bills (Tax, broadband, electricity, water,DTH,gas,cctv)
9. Renovation works
10. Plot clearing and facility management
11. Rental/ sale assistance

Our services are provided in and around Cochin, Kottayam, Alapuzha, Pathanamthitta and Trivandrum.

For more details contact us on +919778349100

നിങ്ങളുടെ അടഞ്ഞുകിടക്കുന്ന വീടോ പ്ലാറ്റോ സ്ഥലമോ നോക്കാൻ ആളില്ലാതെ വിഷമിക്കുകയാണോ?
എങ്കിൽ പ്രോപ്പർട്ടി മാനേജ്മെന്റ് ടീമിനെ ഏൽപ്പിക്കൂ
നിങ്ങൾക്ക് ആവശ്യമായിട്ടുള്ള എല്ലാ സേവനങ്ങളും ചെയ്തുതരും
ഫോൺ- 9778349100

ONAM SPECIAL 2025

SANJEEVINI LIFE CARE VILLAGE

God's Own Country's Trailblazing Gift to the World — A Sanctuary of Science-Driven, Drug-Free Healing and Holistic Longevity
In the quiet, verdant village of Manjapra, near Kochi, a revolution in healthcare is quietly unfolding — and it's something every Malayali can be proud of. Sanjeevini Life Care Village, a world-class wellness destination, has begun operations in Kerala, redefining what healing truly means.

Unlike traditional medical centers, this is an institution with no pills, no injections, and absolutely no pharmaceutical dependency. Here, healing is gentle, scientific, and deeply personal — aimed not at managing symptoms, but at eliminating the root cause of disease.

No Medicines. No Injections. Just Results.
It might sound surprising in today's world of high-tech medicine, but Sanjeevini's approach is entirely non-invasive and drug-free. The results, however, speak louder than words. Individuals battling long-standing conditions such as:

· Nicotine addiction (smoking cessation)
· Chronic migraines
· Stress and anxiety-related illnesses
· Parkinson's disease
· Psoriasis
· Neurological and movement disorders

...are finding new hope and lasting relief through tailored wellness programs that combine clinical diagnostics with traditional healing wisdom.



What Makes Sanjeevini Unique?
At its core, Sanjeevini believes that the human body has an incredible ability to heal itself — if given the right tools and environment.
Using advanced tools like VO_2 max testing, isokinetic muscle analysis, and biomechanical movement labs,Transcraniel Magnetic Stimulation (TMS), Pelvic strengthening, Fat Burning, Strength and Conditioning, Hydro Therapy, the team of specialists develops fully customized therapies. These are then delivered through a range of drug-free modalities:
· Ayurvedic and naturopathic therapies
· Physiotherapy and mobility correction
· Mental health support through mindfulness, breathwork, and guided relaxation with TMS therapy.
· Nutrition and functional fitness programs using cutting-edge training tools
The result? Not just symptom relief, but a transformation in how guests feel, move, sleep, and think.

Healing Begins with Environment
The Sanjeevini campus isn't just a health center — it's a serene village designed to heal body and mind alike. With yoga studios, meditation decks, walking paths, and spacious luxury rooms that overlook nature, the entire space invites calmness.
It's a far cry from the sterile hospital environment. Here, wellness feels natural, personal, and empowering.

Proudly Rooted in Kerala, Made for the World
That such an institution exists in Kerala — and is entirely led by Indian expertise — is something we can all be proud of. Sanjeevini is a beacon of what the future of medicine looks like: prevention-first, personalized, and deeply holistic.
This is not alternative medicine — it is progressive, science-backed, and results-oriented care without the risks of drugs or surgery.

A Call to All Who Seek Real Change
Whether you're looking to quit smoking, manage a neurological condition, or simply escape the loop of stress and fatigue, Sanjeevini Life Care Village offers a new path — one rooted in self-awareness, natural healing, and lasting transformation.
Location: Manjapra, near Cochin International Airport, +919778634600, Website: sanjeevinilifecarevillage.com Packages: Tailored programs from 1week retreats to 4-week deep healing residencies Specialties: Chronic disease reversal, migrain and stress management, addiction recovery, mobility and movement therapy, skin & neurological care








SANJEEVINI
LIFE CARE VILLAGE
Wholeness in Wellness


P 0484-2736001 M +91 9349342366
W www.sanjeevinilifecarevillage.com
E ceo@sanjeeviniwellness.com
A Sanjeevini Life Care Village, Manjapra, Ernakulam,683581


FOKANA CONVENTION 2025

In Loving Memory Of














ONAM SPECIAL 2025

കാർട്ടൂൺസ് കോർട്ട്





















GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services



Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered



CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed